# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.23 No.2 കാർത്തികപ്പള്ളി R.No. 7361/02 2023 FEBRUARY

RNI Reg.No.KERMAL/2002/7361 Postal Reg. No. KL/MVK/184/2021-23 Licence No. KL/CR/MVK/WPP-03/2021-23. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com

## കംപ്യൂട്ടറിനു മുൻപ്

1845-ലാണ് സംഭവം. ലണ്ടനിലെ പ്രശസ്തമായ ഈജിപ്ഷ്യൻ ഹാളിൽ ഒരു പ്രദർശനം നടക്കുകയാണ്. അലമാര പോലുള്ള ഒരു ഉപകരണത്തിനു മുന്നിൽ നല്ല ജനത്തിരക്കു കാണാം. യുറേക്ക എന്നാണ് അതിനു പേര്. അതു പ്രവർത്തിപ്പിച്ചു നോക്കാൻ ഒരു ഷില്ലിങ് കൊടുത്താൽ മതി. കാണികളിൽ ഒരാൾ യുറേക്കയിലെ ലിവർ വലിച്ചു. അകത്ത് എന്തെല്ലാമോ തിരിയുന്ന ശബ്ദം. ഒടുവിൽ കറക്കം നിലച്ചു. അതാ, പെട്ടിയിലെ ആറു വിടവുകളിൽ ഓരോ വാക്കുകൾ. അതൊരു കവിതയാണ് ആറു വാക്കുകളുള്ള ഒരു ലാറ്റിൻ വരി. ലിവർ വലിച്ചാൽ ലാറ്റിൻ കവിത കാണിച്ചുതരുന്ന അത്ഭുതയന്ത്രം അക്കാലത്തെ സൂപ്പർ ഹിറ്റ് കാഴ്ചയായിരുന്നു. ജോൺ ക്ലാർക്ക് എന്ന ഇംഗ്ലീഷുകാരനാണ് യുറേക്ക എന്ന കവിതപ്പെട്ടി നിർമ്മിച്ചത്. 15 വർഷമെടുത്തു ഇതുണ്ടാക്കാൻ. കംപ്യൂട്ടറിന്റെ ആദ്യരൂപങ്ങളിലൊന്നാണ് ഈ യന്ത്രം എന്ന് കരുതപ്പെടുന്നു.




## സൈക്കിൾ വിമാനം

ഈ വിമാനം പറക്കാൻ എൻജിനൊന്നും വേണ്ട; സൈക്കിൾ ചവിട്ടിയാൽ മാത്രം മതി!

‘ലസാറസ്’ എന്നാണ് ഈ രസികൻ വിമാനത്തിനു പേര്. പൈലറ്റ് സൈക്കിളിൽ കയറി ഇരുന്ന് ചവിട്ടും.

നീളൻ ചിറകുമായി ലസാറസ് റൺവേയിലൂടെ ഓടും. പിന്നെ വായുവിലേക്കു പൊങ്ങും. സതാംപ്ടൺ യൂണിവേഴ്സിറ്റിയിലെ ഒരു സംഘം വിദ്യാർഥികളാണ് ലസാറസ് നിർമ്മിച്ചത്. ബ്രിട്ടനിലെ റോയൽ എയറോനോട്ടിക്കൽ സൊസൈറ്റി (RAeS) സംഘടിപ്പിച്ച ഫോർമുല ഫ്ളൈറ്റ് മത്സരത്തിൽ ഈ വിമാനം സമ്മാനം നേടി. മനുഷ്യശക്തി കൊണ്ടു മാത്രം പറക്കുന്ന വിമാനങ്ങൾ അവതരിപ്പിക്കുന്ന മത്സരമാണ് ഫോർമുല ഫ്ളൈറ്റ്. പിന്നീട് ലസാറസ് പരിഷ്കരിച്ച് അവർ ‘സൂപ്പർ ലസാറസ്’ നിർമ്മിക്കുകയും ചെയ്തു.



## വിമാനം തിന്ന വിചിത്രമനുഷ്യൻ

18 സൈക്കിളുകൾ, സൂപ്പർമാർക്കറ്റിലെ 15 ട്രോളികൾ, ഏഴ് ടെലിവിഷനുകൾ, രണ്ട് കട്ടിലുകൾ, ഒരു കംപ്യൂട്ടർ... ഇതൊന്നും പോരാഞ്ഞ് ഒരു ചെറിയ വിമാനവും.



ഏതോ പണക്കാരന്റെ വസ്തുവകകളുടെ ലിസ്റ്റ് എടുക്കുകയാണെന്നല്ലേ കേട്ടാൽ തോന്നൂ? അല്ല; ഇതെല്ലാം മൈക്കൽ ലോറ്റിറ്റോ എന്ന ഫ്രഞ്ചുകാരൻ 1966 മുതൽ ‘ശാപ്പിട്ട സാധനങ്ങളിൽ ചിലതാണ്. ലോകത്തിലെ ഏറ്റവും വിചിത്രമായ ആഹാരശീലത്തിന്റെ പേരിൽ ഗിന്നസ് ബുക്കിൽ കയറിപ്പറ്റിയ ആളാണ് ലോറ്റിറ്റോ.

ആഹാരസാധനങ്ങളല്ലാത്ത വസ്തുക്കൾ കഴിക്കാൻ തോന്നുന്ന പിക (Pica) എന്ന മാനസികപ്രശ്നമായിരുന്നു ലോറ്റിറ്റോയ്ക്ക്. ഈ വിചിത്ര ആഹാരങ്ങൾ ദഹിപ്പിക്കാനുള്ള കഴിവ് ഇദ്ദേഹത്തിന്റെ ആമാശയത്തിനുണ്ടായിരുന്നു. എന്നാൽ, മുട്ടയോ പഴമോ പോലുള്ള സാധാരണ ആഹാരസാധനങ്ങൾ കഴിച്ചാൽ ലോറ്റിറ്റോയ്ക്ക് ദഹനക്കേട് വരുമായിരുന്നത്രേ!

1997 വരെ ഏകദേശം 8,000-ൽ അധികം കിലോഗ്രാം ലോഹം ഇയാൾ അകത്താക്കിയെന്നാണ് കണക്കാക്കുന്നത്!

## ഒന്നാം നൂറ്റാണ്ടിലെ റോമൻ കപ്പൽ



പുരാതന റോമൻ തുറമുഖ നഗരമായ ബാർബിറിന്റെ ചരിത്രത്തിലേക്കു കടന്നുചെല്ലാനുള്ള കവാടം ഗവേഷകർക്കു മുന്നിൽ തുറന്നുകിട്ടിയിരിക്കുന്നു. കാലം സൂക്ഷിച്ച ചില ശേഷിപ്പുകൾ ഗവേഷകരുടെ മുന്നിലെത്തി. രണ്ടായിരം വർഷം മുമ്പു മുങ്ങിയ റോമൻ കപ്പലിന്റെ ഭാഗങ്ങൾ ക്രൊയേഷ്യയിൽ കണ്ടെത്തിയതോടെ ഗവേഷകർ ആവേശത്തിലാണ്. കോൺസ്റ്റന്റൈനെ കുറിച്ചും പുരാതന റോമാസാമ്രാജ്യത്തെക്കുറിച്ചും അവരുടെ വിദേശ വാണിജ്യബന്ധങ്ങളെക്കുറിച്ചും ആ കണ്ടെത്തൽ വെളിച്ചം വീശുമെന്ന പ്രതീക്ഷയിലാണ് ശാസ്ത്രലോകം.

ക്രൊയേഷ്യയിൽ സമുദ്രത്തിനടിയിൽ ഗവേഷണം നടത്തുന്ന ഗവേഷകരാണ് സുഖോഷാൻ നഗരത്തിന്റെ തീരത്തു കപ്പലിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയത്. സദാർ നദിയുടെ ജലനിരപ്പിൽനിന്ന് അഞ്ചുമീറ്റർ താഴെ മണലിൽ പൂണ്ടുകിടക്കുന്ന നിലയിലായിരുന്നു റോമൻ കപ്പലിന്റെ ഭാഗങ്ങൾ. പാറകളും മറ്റും തുരന്നുതിന്നുന്ന കടൽപ്പുഴുക്കൾ കപ്പലിന്റെ ഭാഗങ്ങൾ നശിപ്പിച്ചിട്ടുണ്ട്. കപ്പൽ എത്ര താഴ്ചയിലേക്കുണ്ടെന്ന് കണക്കാക്കിയിട്ടില്ല. ഇന്റർനാഷണൽ സെന്റർ ഫോർ അണ്ടർവാട്ടർ ആർക്കിയോളജിയും ജർമൻ ആർക്കിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായാണു ഗവേഷണപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്.

**കപ്പൽ നിർമിച്ചത് ഒന്നാം നൂറ്റാണ്ടിൽ**

ഒന്നാം നൂറ്റാണ്ടിൽ ബാർബീർ എന്ന തുറമുഖനഗരത്തിൽ നിർമ്മിച്ചതാവാം കപ്പലെന്നാണ് ഗവേഷകരുടെ പ്രാഥമിക നിഗമനം. കപ്പലിന്റെ അവശിഷ്ടങ്ങൾക്കിടയിൽനിന്ന് കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ നാണയങ്ങളും ലഭിച്ചിട്ടുണ്ട്. ഇതൊരു നിസാര കണ്ടെത്തലല്ലെന്നാണ് ഗവേഷകരുടെ അഭിപ്രായം. കപ്പലിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയ ഭാഗത്തു കൂടുതൽ അന്വേഷണങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ് ശാസ്ത്രലോകം. തുറമുഖനഗരമായ ബാർബിറിനെക്കുറിച്ചും അവിടെയുണ്ടായിരുന്ന ജനങ്ങളെക്കുറിച്ചും കൂടുതൽ വിവരങ്ങൾ ലഭിക്കുമെന്നാണ് അനുമാനം. കപ്പലിന്റെ പുറംഭാഗങ്ങൾ ഏകദേശം വീണ്ടെടുക്കാനായിട്ടുണ്ട്. കപ്പൽ ഭാഗങ്ങളുടെ ദൃഢത അത്ഭുതപ്പെടുത്തുന്നതാണെന്ന് ഗവേഷകർ പറയുന്നു. അക്കാലത്തു കപ്പൽ നിർമ്മാണമേഖലയിൽ പ്രവർത്തിച്ചിരുന്നവരുടെ വൈദഗ്ധ്യം അതിലൂടെ മനസിലാക്കാം. 6 വർഷത്തെ ഗവേഷണഫലമായാണ് കപ്പലിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയത്. അടുത്ത വർഷത്തോടെ കപ്പലിന്റെ ഭാഗങ്ങൾ പൂർണമായും വീണ്ടെടുത്ത് കരയ്ക്കെത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുകയാണ്. വീണ്ടെടുത്ത ചില ഭാഗങ്ങൾ കൂടുതൽ ശാസ്ത്രീയ പരിശോധനകൾക്കായി ഫ്രാൻസിലേക്ക് അയച്ചിട്ടുണ്ട്. പരിശോധനഫലങ്ങൾ പുരാതന റോമാനഗരത്തിലേക്കും വേദപുസ്തക ചരിത്രത്തിലേക്കും വെളിച്ചം വീശുമെന്നാണ് ഗവേഷകരുടെ വിശ്വാസം.






| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗീസ് | എബ്രഹാം മത്തായി | തോമസ് വർഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ l ഡിജിറ്റൽ l ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# പരാജയവും പുനഃസൃഷ്ടിയും



ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. പക്ഷേ അത് പാഴും ശൂന്യവുമായിപ്പോയി. ദൈവം എന്തു ചെയ്തു? പാഴും ശൂന്യവുമായിപ്പോയതിനെ പാടേ ഉപേക്ഷിച്ച് പുതിയതൊന്നു സൃഷ്ടിക്കുകയല്ല ചെയ്തത്. ആ നഷ്ടാവശിഷ്ടങ്ങളിൽ നിന്നുതന്നെ ദൈവം ഭൂമിയെ പുനഃസൃഷ്ടിക്കുന്നതിന്റെ മനോഹരമായ ചിത്രമാണ് ബൈബിളിന്റെ ആദ്യ താളുകളിൽ തന്നെ നമ്മൾ കാണുന്നത്.

ദൈവത്തിന്റെ സ്വന്ത ജനമായ യിസ്രായേൽ വഴിതെറ്റിപ്പോയപ്പോഴോ? അപ്പോഴും ദൈവം അവരെ ഉപേക്ഷിച്ചുകളയുന്നില്ല. അവരോടുള്ള തന്റെ മനോഭാവം വ്യക്തമാക്കാൻ ദൈവം തന്റെ പ്രവാചകനെ ഒരു കുശവന്റെ വീട്ടിലേക്ക് അയയ്ക്കുന്നു (യിരെമ്യാവ് 18:1–8). കുശവൻ കളിമണ്ണുകൊണ്ട് ഒരു പാത്രം ഉണ്ടാക്കുകയായിരുന്നു. എന്നാൽ ആ പാത്രം അവന്റെ കൈയിൽ ചീത്തയായിപ്പോയി. അപ്പോൾ കുശവൻ ആ പാത്രം ഉടച്ച് അതേ കളിമണ്ണുകൊണ്ടുതന്നെ തനിക്ക് ഇഷ്ടമുള്ള മറ്റൊരു പാത്രം ഉണ്ടാക്കി. ഉടനെ ദൈവത്തിന്റെ അരുളപ്പാട് ഇങ്ങനെ, യിസ്രായേൽ ഗൃഹമേ, ഈ കുശവൻ ചെയ്തതുപോലെ എനിക്കു നിങ്ങളോടു ചെയ്യാൻ കഴികയില്ലയോ?'

യോഹന്നാന്റെ പുത്രനായ ശിമോനെ ആദ്യം കണ്ടപ്പോൾ തന്നെ അവന്റെ പേര് കേഫാ അല്ലെങ്കിൽ പത്രോസ് എന്നാക്കി മാറ്റി. യോഹന്നാന്റെ സുവിശേഷം ആദ്യ അധ്യായത്തിലാണത് (1:42). പെട്രോസ് (Petros) എന്ന വാക്കിന്റെ അർത്ഥം 'പാറക്ഷണം' എന്നായിരുന്നു. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിന്റെ അവസാന അദ്ധ്യായത്തിലേക്കു വരുമ്പോഴും പത്രോസിന് പാറക്കല്ലിന്റെ ഉറപ്പും സ്ഥിരതയും കൈവരുന്നതായി കാണുന്നില്ല. വീണും എഴുന്നേറ്റും ഉള്ള ഒരു യാത്രയായിരുന്നു അവന്റേത്. പിന്മാറ്റവും മടങ്ങിവരവും എത്രവട്ടം സംഭവിച്ചു. 'ഞാൻ എന്റെ ജീവനെ നിനക്കുവേണ്ടി വെച്ചുകളയും' എന്നു വീരവാദം പറഞ്ഞശേഷം ഗുരുവിനെ മൂന്നുവട്ടം തള്ളിപ്പറഞ്ഞതാണ് അവന്റെ ജീവിതത്തിലെ ഏറ്റവും ഇരുളടഞ്ഞ അധ്യായം. പക്ഷേ ആ തോൽവിയുടെ പടുകുഴിയിൽ നിന്ന് കരേറ്റി യേശു അവനെ യഥാസ്ഥാനപ്പെടുത്തിയതിനുശേഷവും വളരെ വേഗം പത്രോസ് പഴയ തൊഴിലിലേക്ക് പിന്മാറിപ്പോകുന്നതാണു യോഹന്നാൻ 21–ാം അധ്യായത്തിന്റെ തുടക്കത്തിൽ നമ്മൾ കാണുന്നത്. വീഴ്ചകളിൽ നിന്നു പാഠം പഠിക്കാത്ത ഈ ശിഷ്യനെക്കൊണ്ട് മറ്റാരായിരുന്നാലും മടുത്തുപോകുമായിരുന്നു. 'ഇവൻ നന്നാകുകയില്ല' എന്നു പറഞ്ഞ് അവനെ ഉപേക്ഷിച്ചുകളയുമായിരുന്നു. പക്ഷേ ദൈവത്തിന് തന്റെ സ്വഭാവം തൃജിപ്പാൻ കഴിയുകയില്ല. യേശു വീണ്ടും അവനെ തേടിച്ചെല്ലുന്നതും യഥാസ്ഥാനപ്പെടുത്തുന്നതുമാണ് 21–ാം അധ്യായത്തിന്റെ ഒടുവിൽ നമ്മൾ കാണുന്നത്.



പാഴും ശൂന്യവുമായിപ്പോയ ഭൂമി, ചീത്തയായിപ്പോയ പാത്രം, തള്ളിപ്പറഞ്ഞ് പഴയതൊഴിലിലേക്ക് ഇറങ്ങിപ്പോയ പത്രോസ് ഇതെല്ലാം വിരൽ ചൂണ്ടുന്നത് ആരിലേക്കാണ് നമ്മിലേക്കു തന്നെ. യേശുവിനെ അനുഗമിക്കാൻ ആത്മാർത്ഥതയോടെ ഇറങ്ങിപ്പുറപ്പെട്ടശേഷവും എത്രവട്ടം നാം വീണുപോയി? എന്നിട്ടും മടുത്തുപോകാതെ ദൈവം നമ്മിൽ ആശ വച്ച് നമ്മുടെ പിന്നാലെ വന്നു നമ്മെ കൈ പിടിച്ച് എഴുന്നേൽപ്പിക്കുകയും മുന്നോട്ടു നടത്തുകയും ചെയ്യുന്നു. ഇത് എന്തുകൊണ്ടാണ്? മറുപടി ഒന്നേയുള്ളൂ ദൈവം എന്റെ പിതാവാണ്. അതേ, ഒരു പിതാവിന്റെ സ്നേഹത്തിന് തന്റെ പുത്രനെ കൈവിട്ടുകളയുവാൻ മനസ്സില്ല.

നമ്മുടെ ഓരോ തോൽവിയിലും ശത്രു ശ്രമിക്കുന്നത് ഈ സ്നേഹത്തെക്കുറിച്ചുള്ള ഉറപ്പിൽ നിന്നു നമ്മെ വീഴ്ത്തിക്കളയാനാണ്. എന്നാൽ ഒരോ മടങ്ങിവരവിലും നമ്മെ ഈ സ്നേഹത്തിന്റെ ഉറപ്പിലേക്കു പ്രത്യാനയിക്കുകയാണു ദൈവം ചെയ്യുന്നത്.

ധൂർത്തപുത്രന്റെ ഉപമയിൽ ഇളയമകൻ ഇറങ്ങിപ്പോയത് അപ്പന്റെ വീട്ടിൽ നിന്നാണ്. അതുകൊണ്ടുതന്നെ ഒരു പാപിയുടെ മാനസാന്തരത്തെക്കാൾ ഒരു പിന്മാറ്റക്കാരന്റെ മടങ്ങിവരവാണ് ഈ ഉപമയുടെ ഇതിവൃത്തം എന്നു ചിന്തിക്കുകയായിരിക്കും ഉചിതം. ഈ കഥയിൽ ധൂർത്തപുത്രനെ ഭവനത്തിലേക്കു മടങ്ങിവരുവാൻ പ്രേരിപ്പിച്ച ചേതോവികാരം എന്താണ്? അത് മറ്റൊന്നല്ല. അപ്പന്റെ സ്നേഹത്തെക്കുറിച്ചുള്ള ഉറപ്പാണ്. അവനു സുബോധം വന്നപ്പോൾ "ഞാൻ എഴുന്നേറ്റ് എന്റെ അപ്പന്റെ അടുക്കൽ ചെന്ന്..... പറയും" എന്നു പ്രസ്താവിക്കുന്ന ഭാഗം ശ്രദ്ധിക്കുക, നോക്കുക. പന്നിക്കൂട്ടിലാണ് അവന്റെ ഇരിപ്പ്. പരിതാപകരമാണ് അവന്റെ നില. പക്ഷേ എന്റെ അപ്പൻ എന്ന് ആവർത്തിച്ചു പറയുന്നിടത്തെ ആ ഉറപ്പ് നിങ്ങൾ ശ്രദ്ധിച്ചോ? അതേ, പരാജയത്തിന്റെ നെല്ലിപ്പലകയിലെത്തിയിട്ടും അവനു മടങ്ങിവരുവാൻ കഴിഞ്ഞത് ഈ സ്നേഹത്തെക്കുറിച്ചുള്ള ഉറപ്പ് നഷ്ടപ്പെടാതെ ഇരുന്നതുകൊണ്ടാണ്.

വീണാൽ എഴുന്നേല്ക്കുക. പിന്മാറിയാൽ യഥാസ്ഥാനപ്പെടുക ഇതാണു ദൈവം വച്ചിരിക്കുന്ന വഴി. ജീവനോടിരിക്കുന്ന കാലത്തോളം പരാജയപ്പെട്ട മനുഷ്യനു പ്രത്യാശയ്ക്ക് വകയുണ്ട്. കാരണം, അവന് എപ്പോൾ വേണമെങ്കിലും മടങ്ങിവരാമല്ലോ? അതുകൊണ്ട് സഭാപ്രസംഗി പറയുന്നു: ചത്ത സിംഹത്തേക്കാൾ ജീവനുള്ള നായ നല്ലതല്ലോ (9:4). ഉപേക്ഷിച്ചു പാപത്തിലേക്ക് വീണ്ടും തിരിയുന്ന പിന്മാറ്റക്കാരനെ സ്വന്ത ഛർദ്ദിയിലേക്കു തിരിയുന്ന നായോട് പത്രോസ് ഉപമിച്ചിരിക്കുന്നതു ശ്രദ്ധിക്കുക (2 പത്രോസ് 2:22). ശരിയാണ് നായ്ക്ക് സ്വന്ത ഛർദ്ദിയിലേക്കു തിരിയുന്ന വൃത്തികെട്ട സ്വഭാവം ഉണ്ട്. എങ്കിലും ചത്ത സിംഹത്തെക്കാൾ ജീവനുള്ള നായാണു ഭേദം.

സുഹൃത്തേ, നിങ്ങൾ തോറ്റുപോയി. ഒരിക്കൽ ഉപേക്ഷിച്ചു പാപത്തിലേക്കു നായയെപ്പോലെ വീണ്ടും തിരിയുകയും ചെയ്തു. എങ്കിലും നിങ്ങൾ ജീവിച്ചിരിക്കുന്നു. തെറ്റിനെക്കുറിച്ച് അനുതപിച്ച് വിശ്വാസത്തോടെ മടങ്ങിവരുമെങ്കിൽ ദൈവം നിങ്ങളെ വീണ്ടും സ്നേഹത്തോടെ സ്വീകരിക്കും. നിങ്ങളുടെ ജീവിതത്തെപ്പറ്റിയുള്ള ദൈവത്തിന്റെ സമ്പൂർണ പദ്ധതി അവിടുന്നു നിറവേറ്റുകയും ചെയ്യും. കാരണം, അവിടുന്നു സ്നേഹവാനായ പിതാവാണ്. മകന്റെ മടങ്ങിവരവിനായി അവിടുന്നു പ്രതീക്ഷയോടെ കാത്തുനില്ക്കുന്നു. അവനെ ഓടിച്ചെന്ന് മാറോടണയ്ക്കാൻ ആ പിതൃഹൃദയം തുടിക്കുകയാണ്. വേഗം മേൽത്തരമായ (Best) 'അങ്കി കൊണ്ടുവരുവിൻ' എന്ന ആജ്ഞ പുറപ്പെടുവാൻ പോകുകയാണ്. വിരുന്നുവീട്ടിൽ പിതാവിനോടൊപ്പം ഇരിക്കുന്ന സൗഭാഗ്യം വീണ്ടും കൈവരും. ഇനി എന്തിനു താമസം? 'വരിക' എന്ന് ആത്മാവും മണവാട്ടിയും പറയുന്നു. (വെളിപ്പാട് 22:17).



# മൂന്നു വിളക്കുകൾ



അർധരാത്രി. കോരിച്ചൊരിയുന്ന മഴ. ഇടിയുടെ കാതടപ്പിക്കുന്ന ശബ്ദത്തോടൊപ്പം മിന്നൽ വെളിച്ചവും. തനിയെ യാത്ര ചെയ്യുകയായിരുന്നു അയാൾ. മുന്നോട്ടു പോകുന്നതു ബുദ്ധിയല്ലെന്ന് അയാൾക്കു തോന്നി. അങ്ങനെയാണ് അടുത്തു കണ്ട സത്രത്തിൽ അയാൾ കയറിയത്. അവിടെ കുരിരുട്ടിൽ ഒരു സന്ന്യാസി ഇരിപ്പുണ്ടായിരുന്നു. ഇടിമിന്നലിന്റെ വെളിച്ചത്തിൽ പാന്ഥൻ സന്ന്യാസിയെ കണ്ടു. അയാൾ സന്ന്യാസിയുടെ അടുത്തേക്കു ചെന്നു.

സന്ന്യാസി ആഗതനെ സ്വീകരിച്ചു വിശേഷം ആരാഞ്ഞു. താൻ ഒരു യാത്രയിലാണെന്നും മുന്നോട്ടു പോകുവാൻ പ്രയാസമായതിനാൽ വിശ്രമിക്കാനെത്തിയതാണെന്നും അയാൾ പറഞ്ഞു. ഇരുട്ടിൽ അവർ സംസാരിച്ചിരിക്കുമ്പോൾ സന്ന്യാസി പറഞ്ഞു: 'എന്റെ കൈയിൽ ഒരു വിളക്കുണ്ട്. ഏതിരുട്ടിലും കൊളുത്തി യാത്ര ചെയ്യാവുന്ന വിളക്കാണത്.

അപ്പോൾ ആഗതൻ ചോദിച്ചു: "അങ്ങനെയെങ്കിൽ അങ്ങ് എന്തുകൊണ്ടാണ് ഈ ഇരുട്ടിൽ ഇങ്ങനെ ഇരിക്കുന്നത്? അങ്ങേക്ക് ആ വിളക്ക് തെളിച്ചുകൂടേ?" സന്ന്യാസി പറഞ്ഞു: "എന്റെ കൈയിൽ മൂന്നു വിളക്കുകളുണ്ട്. ഒന്ന് ശരിക്കുള്ളത്, മറ്റേതു രണ്ടും അനുകരണം. ഇരുട്ട് ആയതുകൊണ്ട് ഏതു വിളക്കാണു ശരിയായിട്ടുള്ളത്, ഏതാണ് അനുകരണം എന്നു മനസിലാക്കാൻ സാധിക്കുന്നില്ല. ശരിയായിട്ടുള്ള വിളക്കു മാത്രമേ കത്തിക്കാൻ സാധിക്കൂ." മൂന്നു വിളക്കുകളിൽ ഏതാണ് ശരിയായിട്ടുള്ള വിളക്ക് എന്നു തനിക്കു കണ്ടുപിടിക്കുവാൻ സാധിക്കുമെന്ന് ആഗതനു തോന്നി. അയാൾ അക്കാര്യം സന്ന്യാസിയോടു സുചിപ്പിക്കുകയും ചെയ്തു.



അപ്പോൾ സന്ന്യാസി പറഞ്ഞു: "നിങ്ങൾക്കു വേണമെങ്കിൽ വിളക്കെടുത്തു കത്തിക്കാം. എന്നാൽ, ശരിയായ വിളക്കു മാത്രമേ കത്തിക്കാവൂ." ആഗതൻ വിളക്കുകളെടുത്തു സന്തോഷപൂർവം പരിശോധിച്ചു. പക്ഷേ, മൂന്നു വിളക്കുകളും അയാൾക്ക് ഒരുപോലെയായിരുന്നു. അവയിൽ ശരിയായ വിളക്ക് ഏതാണെന്നു കണ്ടുപിടിക്കുവാൻ അയാൾക്കു കഴിഞ്ഞില്ല. അയാൾ പരാജയം സമ്മതിച്ചു പിൻവാങ്ങി. വിളക്കുകൾ തിരികെ വാങ്ങിയിട്ടു സന്ന്യാസി പറഞ്ഞു: "ഈ മൂന്നെണ്ണത്തിൽ ഒന്നു കത്തുമെന്നു തീർച്ചയാണ്, പക്ഷെ തിരിച്ചറിഞ്ഞ് കത്തിക്കണം. യഥാർത്ഥ വിളക്ക് കൂരിരുട്ടിലും കൊടുങ്കാറ്റിലും കെട്ടുപോകയില്ല.

ഇത് ബംഗാളിയിലുള്ള ഒരു ചെറുകഥയാണ്. വിമൽ കർ എന്ന സാഹിത്യകാരനാണ് ചെറുകഥ എഴുതിയിരിക്കുന്നത്. 'ഈശ്വരൻ' എന്ന കഥയിലാണ് സന്ന്യാസിയുടെയും പാന്ഥന്റെയും കഥ നാം കാണുന്നത്. നമ്മുടെ ജീവിതയാത്ര പലപ്പോഴും അന്ധകാര നിബിഡമായ വഴികളിലൂടെയായിരിക്കും. പേമാരി പോലെ ജീവിതദുഃഖങ്ങൾ നമ്മുടെമേൽ തിമിർത്തു പെയ്തേക്കാം. അതിനിടയിൽ അപ്രതീക്ഷിത മേഖലകളിൽ നിന്നുള്ള ഇടിയും മിന്നലും നമ്മെ നഷ്ടധൈര്യരാക്കി മാറ്റിയേക്കാം.

പക്ഷേ, അപ്പോഴൊക്കെ നാം ഓർമിക്കേണ്ട ഒരു കാര്യമുണ്ട്. മുകളിൽ കൊടുത്തിരിക്കുന്ന കഥയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, ഏതു കുരിരുട്ടിലും കൊടുങ്കാറ്റിലും കത്തിച്ചു നിർത്തുവാൻ പറ്റുന്ന ഒരു വിളക്ക് ദൈവം നമുക്കു തന്നിട്ടുണ്ട്, ദൈവം തന്നെയാണ് ആ വിളക്ക്. വിശ്വാസത്താൽ നമ്മുടെയുള്ളിൽ ആ വിളക്ക് പ്രകാശിക്കണം.

നിരാലംബരായിട്ടല്ല ദൈവം നമ്മെ ഈ ഭൂമിയിലേക്കയച്ചിരിക്കുന്നത്. നാം ഈ ഭൂമിയിൽ എവിടെയായിരുന്നാലും അവിടുത്തെ സാന്നിധ്യം എപ്പോഴും നമ്മോടൊപ്പമുണ്ട്. നമ്മുടെ എല്ലാ കാര്യങ്ങളിലും നമ്മെ സഹായിക്കുവാൻ അവിടുന്ന് എപ്പോഴും സന്നദ്ധനാണ്. നമ്മുടെ ജീവിതയാത്രയിൽ നമുക്കു പ്രതിസന്ധികളുണ്ടാകുമ്പോൾ അവ തരണം ചെയ്യുവാൻ അവിടുന്നു നമുക്കു ശക്തി നല്കും. എന്നാൽ, ഇക്കാര്യങ്ങളെല്ലാം പലപ്പോഴും നാം മറന്നുപോകുന്നുവെന്നതാണ് യാഥാർഥ്യം. അതായത്, ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും ആശ്രയവും പലപ്പോഴും മന്ദീഭവിച്ചു പോകുന്നുവെന്നു സാരം.

ലോകത്തിന്റെ വെളിച്ചമായ ക്രിസ്തു തന്നെയാണ് നമ്മുടെ വിളക്ക്. അത് അണയാതെ ജീവിതത്തിൽ സൂക്ഷിക്കുന്നുവെങ്കിൽ ഏതു കുരിരുട്ടിലും കൊടുങ്കാറ്റിലും അടിപതറാതെ സധൈര്യം നമുക്കു മുന്നോട്ടു പോകാനാകുമെന്നു തീർച്ചയാണ്.




# സൂചിയും കത്രികയും



ഒരിടത്ത് ഒരു തയ്യൽക്കാരനുണ്ടായിരുന്നു. അയാൾക്ക് ഒരു മകനും. തയ്യലിന്റെ ആദ്യപാഠങ്ങൾ മകനെയും പഠിപ്പിക്കണമെന്ന് ഒരിക്കൽ തയ്യൽക്കാരന് തോന്നി. അങ്ങനെ ഒരുദിവസം മകനെയും കൊണ്ട് അയാൾ കടയിലെത്തി.

തയ്യൽക്കാരൻ ആദ്യം തുണിയെടുത്തു. എന്നിട്ട് അളവുനോക്കി കത്രികകൊണ്ട് വലിയതുണി വെട്ടി കഷണങ്ങളാക്കി. എന്നിട്ട് തയ്യൽക്കാരൻ കത്രിക തന്റെ കാൽക്കീഴിലിട്ടു. പിന്നീട്, സൂചിയെടുത്ത് നൂലുകോർത്ത് മുറിച്ചുമാറ്റിയ തുണിക്കഷണങ്ങൾ തുന്നിച്ചേർക്കാൻ തുടങ്ങി. തുന്നിയതിനുശേഷം അയാൾ സൂചി തന്റെ തലയിലിരുന്ന തൊപ്പിയിൽ കുത്തിവെച്ചു.

ഇതെല്ലാം മകൻ സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ടായിരുന്നു. വൈകുന്നേരംവരെയും അവനിതെല്ലാം നോക്കിപ്പഠിച്ചു. എല്ലായ്പ്പോഴും തുണി മുറിച്ച ശേഷം കത്രിക തന്റെ കാൽക്കീഴിലും തുണി തുന്നിയശേഷം സൂചി തലയിലെ തൊപ്പിയിലും വയ്ക്കും.

എന്തായിതിന് കാരണം! മകന് ആകാംക്ഷയായി. അവൻ പിതാവിനോടുതന്നെ ചോദിച്ചു. അപ്പോൾ തയ്യൽക്കാരൻ ഒന്ന് പുഞ്ചിരിച്ചിട്ട് പറഞ്ഞു: "അതോരോന്നും ചെയ്യുന്ന പണിക്കനുസരിച്ചാണ്."

ഒന്നും മനസ്സിലാവാതെ തന്നെ നോക്കിയിരിക്കുന്ന മകനോട് തയ്യൽക്കാരൻ തുടർന്നു: "അതായത്, ചേർന്നിരുന്ന തുണിയെ വെട്ടി കഷണങ്ങളാക്കുന്ന പണിയാണ് കത്രിക ചെയ്യുന്നത്. അതിനൊരു നശീകരണ സ്വഭാവമുണ്ട്. എന്നാൽ, മുറിഞ്ഞുപോയവയെ വീണ്ടും ഒന്നിച്ചുചേർക്കുന്ന പണിയാണ് സൂചിക്കുള്ളത്. സൂചിയുടെ പ്രവൃത്തികൊണ്ട് പുതിയ ഒരെണ്ണം പിറവിയെടുക്കുന്നുണ്ട്. അതുകൊണ്ടാണ് ഞാൻ കത്രികയ്ക്ക് കാൽക്കീഴിൽ സ്ഥാനം നൽകിയത്. മാത്രമല്ല, അകന്നുപോയവരെ അടുപ്പിച്ച സൂചിക്ക് ഞാൻ ഉയർന്ന സ്ഥാനവും നൽകി."

"നമ്മുടെ പ്രവൃത്തികളാണ് നമുക്ക് സമൂഹത്തിലുള്ള സ്ഥാനം നിർണയിക്കുന്നത്. നല്ലത് ചെയ്താൽ, മറ്റുള്ളവരുടെയുള്ളിൽ ഉയർന്ന സ്ഥാനമാവും ഉണ്ടാവുക. മോശം പ്രവൃത്തിയാണെങ്കിൽ, മറ്റുള്ളവരുടെ പരിഗണന കിട്ടണമെന്നുമില്ല!"

# സന്തോഷം മാത്രമല്ല സങ്കടവും അറിയണം



"ഞങ്ങളൊരു കുറവും അവനിതുവരെ വരുത്തിയിട്ടില്ല. വീട്ടിലെ ബുദ്ധിമുട്ടുകൾ ഒന്നും അറിയിക്കാതെയാണ് വളർത്തിയത്. കുട്ടികളെപ്പറ്റി രക്ഷിതാക്കൾ സ്ഥിരം പറയുന്ന കാര്യങ്ങളാണിത്.

ഇത് ശരിയായ പേരന്റിംഗ് ആണോ? ആഗ്രഹിച്ചതൊക്കെ സാധിച്ചു കിട്ടുന്ന ഒരു വ്യക്തിക്ക് പരാജയ ത്തെ എങ്ങനെ നേരിടാൻ കഴിയും? ഒരു 'നോ' എങ്ങനെ അംഗീകരിക്കാൻ കഴിയും? ജീവിതപങ്കാളിയുടെ വ്യത്യസ്തമായ രീതികളെ എങ്ങനെ ഉൾക്കൊള്ളാൻ കഴിയും?

പരീക്ഷ തോറ്റതിന്റെ വിഷമത്തിൽ ആത്മഹത്യചെയ്യുന്നവരെക്കുറിച്ച് നാം പരിതപിക്കാറുണ്ട്. ദാമ്പത്യജീവിതത്തിലെ അസ്വാരസ്യങ്ങൾ മൂലം തകർന്നുപോകുന്ന കുടുംബങ്ങളെ കാണാറുണ്ട്. പ്രണയം നിഷേധിക്കപ്പെട്ടതിന്റെ പേരിൽ വർധിച്ചുവരുന്ന കൊലപാതകങ്ങളും ആത്മഹത്യകളും ഇന്ന് വാർത്തകളിൽ നിറയുന്നു. ഇതിലെല്ലാം അടിസ്ഥാനപരമായ ഒരു പൊതുവായ തെറ്റ് ഇല്ലേ? പുസ്തകങ്ങളിലൂടെയും സ്കൂൾ വിദ്യാഭ്യാസത്തിലൂടെയും മാത്രമല്ല ഒരു വ്യക്തി അറിവ് സമ്പാദിക്കുന്നത്. ചുറ്റും കണ്ടും കേട്ടും അനുഭവിച്ചും കൂടിയാണ്.



അനുഭവങ്ങൾ വ്യക്തിത്വ വികാസത്തിന്റെ അമൂല്യമായ ധാതുക്കളാണ്. ജീവിതത്തിൽ എങ്ങനെ മുന്നേറണമെന്ന് ഈ അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അതിൽ സന്തോഷകരമായ അനുഭവങ്ങൾക്കു മാത്രമല്ല, തിക്താനുഭവങ്ങൾക്കുംകൂടി ഒരു പങ്കുണ്ട്. നാം അറിയാതെതന്നെ ഇവയെല്ലാം ഓരോ നിമിഷവും നമ്മെ സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ട് ഒരു കാല്പനിക ലോകത്തെ സൃഷ്ടിക്കാതെ യഥാർഥമായ ലോകത്തെ കുഞ്ഞുങ്ങൾക്കു മുന്നിൽ അവതരിപ്പിക്കാം.

ജീവിതത്തിലെ പ്രതിസന്ധികളെ ധൈര്യപൂർവം നേരിടാനുള്ള ശക്തി അവർക്കു നൽകാം.



## ഒമർ ബോംഗോ

ആഫ്രിക്കൻ രാജ്യമായ ഗബോണിന്റെ പ്രസിഡന്റ് ആയിരുന്ന ഒമർ ബോംഗോ ആണ് ലോകത്തിൽ ഏറ്റവും കൂടുതൽ കാലം അധികാരത്തിലിരുന്ന പ്രസിഡന്റ്. 1967 മുതൽ 2009-ൽ മരിക്കുന്നതുവരെ അദ്ദേഹം ഈ സ്ഥാനത്ത് തുടർന്നു. അതായത് നീണ്ട 42 വർഷം.



## പെഡ്രോ ലസ്കൂറെയ്ൻ

ഒരു മണിക്കൂറിൽ താഴെ മാത്രം പ്രസിഡന്റ് ആയ വ്യക്തിയാണ് പെഡ്രോ ലസ്കൂറെയ്ൻ. 1913 ഫെബ്രുവരി 19-ന് ഇദ്ദേഹം മെക്സിക്കോയുടെ പ്രസിഡന്റ് സ്ഥാനത്തെത്തി. ഒരു മണിക്കൂറിനുള്ളിൽ രാജിവയ്ക്കുകയും ചെയ്തു. ഒരു ഭരണ അട്ടിമറിയുടെ ഭാഗമായിരുന്നു ഈ രാജി.

# ഗുരു നാനാക്കും ധനികനും



സിക്കുമത സ്ഥാപകനായ ഗുരു നാനാക്ക് ഒരിക്കൽ ഒരു യാത്ര പോവുകയായിരുന്നു. അപ്പോഴാണ് വഴിയരികിൽ ഒരു കൂറ്റൻ ബംഗ്ലാവ് കണ്ടത്. അതിനു മുകളിൽ ഏഴു കൊടികളുമുണ്ട്. ഗുരു നാനാക്ക് ശിഷ്യരോട് കൊടികളുടെ കാര്യമെന്താണെന്നു തിരക്കി.

ശിഷ്യർ പോയി അന്വേഷിച്ചു തിരിച്ചു വന്നിട്ട് പറഞ്ഞു:

"ഇതൊരു സമ്പന്നനായ സേട്ടുവിന്റെ വീടാണ്. ഒരു കോടി സമ്പാദിച്ചാൽ അയാൾ ഒരു കൊടി വീടിനു മുകളിൽ ഉയർത്തുമത്രേ. ഇപ്പോൾ ഏഴു കോടി സമ്പാദ്യം അയാൾ നേടി എന്നു സൂചിപ്പിക്കാനാണ്" ഏഴു കൊടികൾ. ദാനം കൊടുക്കുന്ന കാര്യത്തിലും മറ്റും അയാൾ വലിയ പിശുക്കനാണ്. പ്രശസ്തിക്കും ആഡംബരത്തിനും എത്ര വേണമെങ്കിലും ചെലവഴിക്കുകയും ചെയ്യും.

ആ വീട് ഒന്നു സന്ദർശിക്കാമെന്ന് നാനാക്കും ശിഷ്യന്മാരും തീരുമാനിച്ചു. അങ്ങനെ അവർ അങ്ങോട്ടു ചെന്നു. നാനാക്കിനെ സേട്ടു ഹാർദ്ദവമായി സ്വീകരിച്ചു.

"ഗുരോ... ഇരുന്നാലും... വിശിഷ്ടമായ ഭക്ഷണം ഒരുക്കിയിട്ടുണ്ട്. അതു കഴിച്ച് കുറച്ചുനേരം വിശ്രമിച്ചിട്ടു പോയാൽ മതി..."

സാധാരണക്കാരായ അതിഥികളെ ഗൗനിക്കാത്ത ആളാണ് സേട്ടു. ഗുരു നാനാക്ക് പ്രശസ്തനും എല്ലാവരും ബഹുമാനിക്കുന്ന ആളുമാണ് എന്നറിഞ്ഞതു കൊണ്ടാണ് ആ പിശുക്കൻ സൽക്കാരം ഒരുക്കിയത്. എങ്കിലല്ലേ താനൊരു പ്രമാണിയാണെന്നു മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ പറ്റൂ.

അതുകേട്ട് നാനാക്ക് പറഞ്ഞു: "എനിക്ക് വിശ്രമിക്കാൻ ഒട്ടും സമയമില്ല. ഏറെ ദൂരം പോകേണ്ടതുണ്ട്. പക്ഷേ, താങ്കൾ ഒരു ഉപകാരം ചെയ്താൽ കൊള്ളാം. എന്റെ കൈയിൽ ഒരു സ്വർണ സൂചിയുണ്ട്. അതൊന്നു താങ്കൾ സൂക്ഷിച്ചു വയ്ക്കാമോ? നമ്മൾ പരലോകത്തുവച്ച് തമ്മിൽ കാണുമ്പോൾ അങ്ങ് അതു തിരിച്ചു നൽകിയാൽ മതി..."

സേട്ടു അതുകേട്ട് അമ്പരന്നു: അയാൾ കൈകൂപ്പി ചോദിച്ചു:

"ഗുരോ, അങ്ങ് എന്താണ് ഇങ്ങനെ പറയുന്നത്? പരലോകത്തേക്കു പോകുമ്പോൾ ആർക്കും ഒന്നും കൊണ്ടുപോകാനാവില്ലല്ലോ? എല്ലാം ഇവിടെ ഉപേക്ഷിക്കേണ്ടി വരില്ലേ...?"

ഗുരു നാനാക്ക് പറഞ്ഞു: "താങ്കൾ ധാരാളം സമ്പാദിക്കുന്നുണ്ട്. പക്ഷേ, ഈ നാട്ടിലെ പാവങ്ങൾക്കു വേണ്ടി ഒന്നും ചെയ്യാറില്ലെന്നാണ് ആളുകൾ പറയുന്നത്. അതുകേട്ടപ്പോൾ ഞാൻ കരുതി, താങ്കളുടെ സമ്പാദ്യമെല്ലാം പരലോകത്തേക്ക് സ്വന്തം ആവശ്യത്തിനായി കൊണ്ടുപോകാമെന്ന ധാരണ താങ്കൾക്കുണ്ട് എന്ന്. അങ്ങനെയാണെങ്കിൽ എന്റെ സ്വർണസൂചിയും കൊണ്ടു പോകാമല്ലോ?"

നാനാക്ക് പറഞ്ഞതിന്റെ പൊരുൾ സേട്ടുവിന് പിടികിട്ടി. അയാൾ പറഞ്ഞു: "ഗുരോ, എനിക്ക് കാര്യം മനസ്സിലായി. ഭാവിയിൽ ഞാനെന്റെ ധനമെല്ലാം മറ്റുള്ളവർക്കുകൂടി ഉപകരിക്കത്തക്ക വിധം ചെലവാക്കിക്കൊള്ളാം."



## മർമാര ജയിൽ

തുർക്കിയിലെ മർമാര ജയിലാണ് (Marmara Prison) തടവുപുള്ളികളുടെ എണ്ണത്തിന്റെ കാര്യത്തിൽ ലോകത്തിലെ ഏറ്റവും വലിയ ജയിൽ. 11,000 പേരെ ഉൾക്കൊള്ളാവുന്നത്ര വലുപ്പമുള്ള ഈ ജയിലിൽ 2019-ൽ 22,781 തടവുകാരുണ്ടായിരുന്നു.

ജയിൽ കെട്ടിടത്തിന്റെ വലുപ്പത്തിന്റെ കാര്യത്തിൽ അമേരിക്കയിലെ കലിഫോർണിയയിലുള്ള ട്വിൻ ടവേഴ്സ് കറക്ഷണൽ ഫസിലിറ്റിയാണ് മുമ്പിൽ. പത്ത് ഏക്കറിൽ സ്ഥിതിചെയ്യുന്ന ഈ ജയിലിന് 1,40,000 ചതുരശ്രമീറ്റർ വലുപ്പമുണ്ട്

# നമ്മുടെ ചിന്താമണ്ഡലം



ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

**അ**പ്പൊസ്തല പ്രവൃത്തി 8:22-ൽ പത്രൊസ്, ശീമോൻ എന്ന ആഭിചാരകനോട് ഇപ്രകാരം പറയുന്നു. "നീ ഈ ദുഷ്ടതയെക്കുറിച്ച് അനുതപിച്ച് കർത്താവിനോടു പ്രാർത്ഥിക്കുക. ഒരുപക്ഷേ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിക്കുമായിരിക്കും."

പാപചിന്തകളെ ഗൗരവമായിക്കാണുന്നവരല്ല അധികം ക്രിസ്ത്യാനികളും. അവ പ്രവൃത്തിയായിത്തീരാത്തതുകൊണ്ട് കുഴപ്പമില്ല എന്ന് അവർ കരുതുന്നു. എന്നാൽ മുകളിൽ കുറിച്ചിരിക്കുന്ന വാക്യം നമ്മോടെന്തു പറയുന്നു. പാപകരമായ ഒരു ചിന്ത, ഹൃദയത്തിന്റെ നിരൂപണം, പ്രാഥമികമായി ദുഷ്ടതയാണ് എന്നു തന്നെ. രണ്ടാമത് നീ അനുതപിച്ചു പ്രാർത്ഥിക്ക് ഒരുപക്ഷേ അതു ക്ഷമിച്ചുകിട്ടുമായിരിക്കും. എന്തുകൊണ്ടാണ് ഇവിടെ 'ഒരു പക്ഷേ' എന്ന പ്രയോഗം? എന്നാൽ ഇതേ പുസ്തകത്തിൽ തന്നെ "പാപങ്ങളുടെ മോചനത്തിനായി മാനസാന്തരപ്പെടുക" എന്നു പത്രൊസ് തന്നെ പ്രസംഗിക്കുന്നുണ്ട്. (പ്രവൃത്തി 2:38). അവിടെ നാം ഈ പക്ഷേ പ്രയോഗം കാണുന്നില്ല. കഴിഞ്ഞകാല പാപ പ്രവൃത്തികളെ സംബന്ധിച്ച് പക്ഷേ പ്രയോഗമില്ല. ഒരുവൻ ക്രിസ്തുവിലേക്കു വരികയും മാനസാന്തരപ്പെടുകയും ചെയ്യുന്നതോടെ കഴിഞ്ഞകാല പാപപ്രവൃത്തികൾ പൂർണ്ണമായും മായ്ക്കപ്പെടുക തന്നെ ചെയ്യും. എന്നാൽ തുടർന്നു കൊണ്ടിരിക്കുന്ന പാപചിന്തകളുടെ കാര്യം അങ്ങനെയല്ല.



നാം ഈ ചിന്തകളെ ഗൗരവമായിട്ടെടുക്കുന്നില്ലെങ്കിലും യേശു അതിനെ എങ്ങനെ കാണുന്നു എന്നു ശ്രദ്ധിക്കുക: "ഉള്ളിൽ നിന്ന്, മനുഷ്യരുടെ ഹൃദയത്തിൽ നിന്ന് പുറപ്പെടുത്തുന്നത് ദുശ്ചിന്ത, വ്യഭിചാരം, ദുർന്നടപ്പ്, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, ദോഷദൃഷ്ടി, ദൂഷണം, അഹങ്കാരം, മൂഢത, എന്നിവയാകുന്നു" (മർക്കോ.7:21,22). ഇവിടെ വ്യഭിചാരത്തിനും കൊലപാതകത്തിനും മുമ്പിൽ പ്രഥമസ്ഥാനം തന്നെ ദുശ്ചിന്തയ്ക്കാണ് നൽകിയിരിക്കുന്നതെന്നതു ശ്രദ്ധിക്കുക.

നാം എന്തുകൊണ്ടാണ് പാപചിന്തകളെ ഗൗരവമായി കാണാത്തത്? ദൈവത്തിന്റെ കാഴ്ചപ്പാടിനെക്കുറിച്ച് നമുക്കു വേണ്ടത്ര ബോധ്യമില്ലാത്തതുകൊണ്ടാണ്. ദൈവം തികച്ചും ഗൗരവമായിത്തന്നെ അതിനെ കാണുന്നു എന്നു നാം അറിയുക.

അശുദ്ധ ചിന്തകൾ ഉള്ളവരെ ഒക്കെ പിടികൂടി 20 വർഷം തടവിലിടുന്ന ഒരു നിയമം ഉണ്ടാവുകയും എല്ലാ വ്യക്തികളുടെയും ചിന്തകളെ അറിയുന്ന ഒരു ഉപകരണ സംവിധാനം രൂപകൽപന ചെയ്തു പോലീസിനെ നിയോഗിക്കയും ചെയ്യുന്നു എന്നു കരുതുക. നിങ്ങൾ അതിനോട് എങ്ങനെ പ്രതികരിക്കും? അപ്പോൾ തീർച്ചയായും ചിന്താമണ്ഡലത്തെക്കുറിച്ചു നിങ്ങൾ ഗൗരവമുള്ള ഒരു വ്യക്തിയായിത്തീരും. ഒരു പക്ഷേ ഒറ്റ രാത്രികൊണ്ടു നിങ്ങൾ ഒരു വിശുദ്ധനായി രൂപാന്തരപ്പെടാനും സാദ്ധ്യതയുണ്ട്.

ദൈവം തന്റെ കരുണയാലാണ് ന്യായവിധിയും ശിക്ഷയും ഒക്കെ താമസിപ്പിക്കുന്നത് എന്നതു എത്ര സത്യമാണ്. പാപകരമായ ചിന്തകൾക്കുമേൽ ദൈവം അയയ്ക്കുന്ന ശിക്ഷാവിധിയെക്കുറിച്ച് നാം അറിയുന്നുവെങ്കിൽ നാം നടുങ്ങുകതന്നെ ചെയ്യും. ലോകത്തെ മുഴുവനും നശിപ്പിക്കുവാൻ ദൈവം തീരുമാനമെടുത്ത ആദ്യ സന്ദർഭത്തിൽ അതിന്റെ കാരണം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചിരിക്കുന്നു. അവന്റെ ഹൃദയ നിരൂപണങ്ങൾ എല്ലായ്പ്പോഴും ദോഷത്തിലേക്ക് ആകുന്നുവെന്നും യഹോവ കണ്ടു." (ഉൽപ. 6:5).

അക്കാലത്ത് ഭൂമിയിൽ ബൈബിളോ, സഭയോ, വേദോപദേഷ്ടാക്കന്മാരോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. മനുഷ്യർക്ക് നല്ല മാതൃകകളെ നൽകിയിരുന്നില്ല. പരിശുദ്ധാത്മാവിനെ നൽകിയിരുന്നില്ല. യേശു കുരിശിൽ മരിച്ചിരുന്നുമില്ല. എന്നിട്ടും തെറ്റായ നിരൂപണങ്ങളെ, പാപചിന്തകളെ കർശനമായിത്തന്നെ ദൈവം ശിക്ഷിച്ചു. എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ സഹായങ്ങളും ലഭ്യമായിരിക്കുന്ന ഈ കൃപയുടെ കാലഘട്ടത്തിൽ ജീവിക്കുന്ന നാം ഭയത്തോടും വിറയലോടും കൂടി നമ്മുടെ രക്ഷയ്ക്കായി പ്രവർത്തിക്കേണ്ടതുണ്ട്. കാരണം മുൻകാലത്തേക്കാൾ ഗൗരവവും ഖണ്ഡിതവുമായ ശിക്ഷാവിധിയ്ക്കു നാം പാത്രമായിത്തീരുക തന്നെ ചെയ്യും.

**പാപങ്ങളെ പൂർണമായി ഉപേക്ഷിക്കുക.**

വിശുദ്ധനായ ദൈവത്തെ അശുദ്ധമായ വഴികളിലൂടെ ചരിക്കുന്ന മനുഷ്യനു കണ്ടുമുട്ടുവാൻ സാധ്യമല്ല. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും" (മത്തായി 5:8) എന്ന് യേശുക്രിസ്തു പറഞ്ഞതിന്റെ പൊരുളും ഇതുതന്നെ.



# സത്യം വാങ്ങുക



**"നി**ങ്ങൾ സത്യം വില്ക്കുകയല്ല വാങ്ങുകയത്രേ വേണ്ടത് (സദൃശവാക്യങ്ങൾ 23: 23).

ഒരു ചെറിയ വാക്യം. സ്വയം പ്രകാശിക്കുന്ന ഒരു വചനമാണിത്. ക്രിസ്തീയജീവിതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ഇതു ധാരാളം വെളിച്ചം നൽകും.

സത്യം വാങ്ങുകയാണു വേണ്ടതെന്നു പറയുമ്പോൾ രണ്ടു കാര്യങ്ങൾ അതിൽ നിന്നു വ്യക്തമാണ്. ഒന്ന്: സത്യം നമുക്ക് പുറത്താണ്. രണ്ട്. അതു സ്വന്തമാക്കാൻ നാം ഒരു വിലകൊടുക്കണം.

എന്തു വാങ്ങാനും ഒരു വില കൊടുക്കേണ്ടതുണ്ട്. സത്യത്തിനും അങ്ങനെ തന്നെ. സത്യത്തിനു നാം നൽകേണ്ട വില എന്താണ്? സത്യം താഴ്മയോടെ സ്വീകരിച്ചാൽ മാത്രമേ അതു നമ്മുടെ സ്വന്തമാകുകയുള്ളൂ. സത്യത്തിനു നാം ആദ്യമായി നൽകേണ്ട വിലയും അതാണ്. നമ്മെക്കുറിച്ചുള്ള ഒരപ്രിയ സത്യം മറ്റൊരാളിൽ നിന്നു സ്വീകരിക്കാൻ നമുക്ക് താഴ്മയുടെ മനോഭാവം ആവശ്യമുണ്ട്.



ദാവീദ് രാജാവിന്റെ ജീവിതത്തിലെ ഒരനുഭവം ശ്രദ്ധിക്കുക. അദ്ദേഹം ശത്രുക്കളെ എല്ലാം കീഴ്പ്പെടുത്തി അതീവ ശക്തനും അതിപ്രശസ്തനുമായി വാഴുമ്പോൾ തന്റെ വിശ്വസ്ത പടയാളികളിലൊരാളായ ഊരിയാവിനെ ചതിയിൽപ്പെടുത്തി കൊല്ലുകയും ഊരിയാവിന്റെ ഭാര്യ ബേത്ത്ശേബയെ ഭാര്യയാക്കുകയും ചെയ്യുന്നു. വേലിതന്നെ വിളവു തിന്ന അനുഭവം, രാജ്യത്തു സത്യവും നീതിയും ധർമ്മവും നടപ്പാക്കേണ്ട രാജാവുതന്നെ കൊലപാതകവും വ്യഭിചാരവും ഉൾപ്പെടെയുള്ള കല്പനാലംഘനങ്ങൾ നടത്തിയശേഷവും അതേപ്പറ്റി നേരിയ പശ്ചാത്താപം ഇല്ലാതെ കഴിയുകയാണ്. ബേത്ത്ശേബയെ സ്വന്തമാക്കിയശേഷം ഊരിയാവിനെ അതീവ രഹസ്യമായി രാജാവു തന്നെ കൊല്ലിക്കുകയായിരുന്നു എന്ന കൊട്ടാര രഹസ്യങ്ങളൊന്നും അന്ന് പൊതുജനം അറിഞ്ഞിരിക്കുകയില്ല. അവരുടെ ദൃഷ്ടിയിൽ രാജ്യത്തിനുവേണ്ടി പൊരുതി മരിച്ച ധീരജവാന്റെ വിധവയെ കുപ്പയിൽ നിന്നുയർത്തി രാജ്യത്തെ മഹാറാണിയാക്കി വാഴിച്ചത് രാജാവിന്റെ ഹൃദയവിശാലതയുടെയും മഹാമനസ്കതയുടെയും തെളിവാണ്. രാജാവിന്റെ ഈ മുഖംമൂടിയാണ് നാഥാൻ പ്രവാചകൻ പിച്ചിച്ചീന്തിയത്. രണ്ടു ശമുവേൽ 12-ാം അധ്യായത്തിൽ ഇതിന്റെ വിശദവിവരങ്ങൾ നമുക്കു കാണാം.

പക്ഷേ തന്നെക്കുറിച്ചുള്ള ഒരപ്രിയസത്യം പരസ്യമായിപ്പറഞ്ഞ നാഥാൻ പ്രവാചകനോട് ദാവീദ് കോപിച്ചില്ല; അദ്ദേഹത്തെ തടവിലാക്കുകയോ കൊല്ലുകയോ ചെയ്തില്ല. (എന്നാൽ മറ്റുപല രാജാക്കന്മാരും അങ്ങനെയായിരുന്നില്ല. 2 ദിനവൃത്താന്തം 16: 10, 24:21, 25:15, 16 എന്നീ ഭാഗങ്ങൾ കാണുക). മറിച്ച് ദാവീദ് തന്നെക്കുറിച്ചുള്ള ആ അപ്രിയസത്യത്തെ താഴ്മയോടെ സ്വീകരിച്ചു. അദ്ദേഹം 'ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഒരുവനായി' (അപ്പോ. പ്രവൃത്തി 13:22) മാറിയതിൽ എന്താണത്ഭുതം?

തന്നെക്കുറിച്ചുള്ള ഒരപ്രിയസത്യം പത്രൊസ് എളിമയോടെ ഏറ്റുവാങ്ങിയ സന്ദർഭം സുവിശേഷങ്ങളിൽ നാം കാണുന്നു. പത്രൊസ് പിശാചിന്റെ 'ഉച്ചഭാഷിണി'യായി മാറിയിരിക്കുകയാണെന്ന സത്യം യേശു പരസ്യമായി പ്രസ്താവിച്ചപ്പോൾ (മത്തായി 26:23) പത്രൊസ് അത് താഴ്മയിൽ സ്വീകരിക്കാതിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? ഇസ്കര്യോത്താ യൂദായെപ്പോലെ (യോഹന്നാൻ 12:4 7; മർക്കോ 14:10 എന്നീ ഭാഗങ്ങൾ ശ്രദ്ധിക്കുക) പത്രൊസും ഇടറിപ്പോകുകയും എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോകുകയും ചെയ്യുമായിരുന്നു.

സത്യത്തിന് കൊടുക്കേണ്ട മറ്റൊരു വില അനുസരണമാണ്. 1 പത്രൊസ് 1:22 സത്യം, അനുസരിക്കാനുള്ളതാണെന്നു വ്യക്തമാക്കുന്നു. അനുസരണത്തിനു പകരം അനുസരണമല്ലാതെ മറ്റൊന്നുമില്ല. യേശുപറഞ്ഞ ഒരു പിതാവിന്റെയും രണ്ടുപുത്രന്മാരുടെയും ഉപമ ഈ സത്യത്തിലേക്കു വിരൽ ചൂണ്ടുന്നു. (മത്തായി 21:28-31). ഒരു പിതാവ് തന്റെ രണ്ടു പുത്രന്മാരോടും മുന്തിരിത്തോട്ടത്തിൽ അധ്വാനിക്കാൻ ആവശ്യപ്പെട്ടു. ഒരുവൻ ആദ്യം മറുത്തുപറഞ്ഞെങ്കിലും പിന്നീട് അനുതപിച്ച് അപ്പന്റെ വാക്ക് അനുസരിച്ച് പ്രവർത്തിച്ചു. മറ്റേ മകൻ അപ്പനോട് 'അനുസരിക്കാം' എന്നു പറഞ്ഞെങ്കിലും അനുസരണത്തിന്റെ പ്രവൃത്തി അവനിൽ നിന്ന് ഉണ്ടായില്ല. ഈ രണ്ടു മക്കളിൽ പിതാവിന്റെ വാക്ക് അനുസരിച്ച മകനാണ് അപ്പന്റെ ഇഷ്ടം ചെയ്തതെന്ന് യേശു പറഞ്ഞപ്പോൾ നല്ല വാക്കുകൾ അനുസരണത്തിന്റെ പ്രവൃത്തിക്കു പകരം ആകുകയില്ലെന്ന് അവിടുന്ന് വ്യക്തമാക്കുകയായിരുന്നു. ഉവ്വ് അനുസരണമാണ് സത്യത്തിനു കൊടുക്കേണ്ട മറ്റൊരു വില.

ചില സത്യങ്ങൾ നമ്മെ സംബന്ധിച്ച് യാഥാർത്ഥ്യമാകാൻ ക്ഷമയോടെയുള്ള കാത്തിരിപ്പ് ആവശ്യമാണ്. സത്യത്തിനു കൊടുക്കേണ്ട മൂന്നാമത്തെ വില അതാണ്. പത്രോസിന്റെ ജീവിതത്തിൽ നിന്നുതന്നെ ഒരു ഉദാഹരണം കാണുക. ശീമോനേ, അന്ത്രയോസ് ആദ്യം യേശുവിന്റെ അടുത്ത് എത്തിച്ചപ്പോൾ അവിടുന്നു പൊടുന്നനെ ചെയ്തത് അവന്റെ പേരുമാറ്റുകയായിരുന്നു. (യോഹന്നാൻ 1:42). അവനു പത്രോസ് (പെട്രോസ്=പാറക്കഷണം) എന്ന പുതിയ പേരു നൽകി. പക്ഷേ ആ പേര് അന്വർത്ഥമാകാൻ അവന് എത്രനാൾ കാത്തിരിക്കേണ്ടിവന്നു. പക്ഷേ ഒരു നാളിൽ, പെന്തക്കോസ്തു ദിനത്തിൽ സ്വർഗ്ഗത്തിലെ അഗ്നിയുടെ സ്പർശം അവൻ ഏറ്റു കഴിഞ്ഞപ്പോൾ, ആ തീയിലൂടെ കളിമണ്ണ് കടന്നുപോയപ്പോൾ അതു പാറപോലെ ഉറപ്പുള്ളതായി. മുമ്പ് ഒരു ദാസിയുടെ മുൻപിൽ പോലും യേശുവിനെ സാക്ഷിക്കാൻ ധൈര്യമില്ലാതിരുന്ന പത്രോസ് അതിനു ശേഷം എത്ര ധൈര്യത്തോടും ഉറപ്പോടും കൂടിയാണ് മഹാപുരോഹിതന്മാരോടും സൻഹദ്രിംസംഘത്തോടും സംസാരിക്കുന്നത്!

നമ്മെ സംബന്ധിച്ചും ഈ വില നൽകി യാഥാർത്ഥ്യമാക്കേണ്ട ചില സത്യങ്ങളുണ്ട്. തിടുക്കവും അക്ഷമയും വിട്ടുകളഞ്ഞ് ക്ഷമാപൂർവ്വം കാത്തിരുന്നാൽ ഇന്നല്ലെങ്കിൽ നാളെ ഈ സത്യങ്ങൾ നമ്മെ സംബന്ധിച്ചു യാഥാർത്ഥ്യമായിത്തീരും.

സദൃശവാക്യം 23:23 സത്യം വില്ക്കരുതെന്നും നമ്മോടാവശ്യപ്പെടുന്നു. എങ്ങനെയാണു നമുക്കു സത്യം വില്ക്കാൻ കഴിയുന്നത്? നമ്മെ സംബന്ധിച്ചു യാഥാർത്ഥ്യം ആയിത്തീർന്നിട്ടില്ലാത്ത ഒരു കാര്യം മറ്റൊരാളെ ഉപദേശിക്കുമ്പോൾ നാം സത്യത്തെ വില്ക്കുകയാണ്. അതുതന്നെയാണ് ക്രിസ്തീയ സമൂഹത്തിൽ ഇന്ന് നാം കേൾക്കുകയും കാണുകയും ചെയ്യുന്നത്.

സത്യത്തെ വില്ക്കുന്നവരാകാതെ, താഴ്മയും അനുസരണവും ക്ഷമയും നൽകി നമുക്കു സത്യത്തെ വാങ്ങുന്നവരായി മാറാം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ



(തുടർച്ച)

ഇപ്രകാരമൊരു പ്രതിസന്ധിയിലാണ് വെളിപ്പാടു പുസ്തകം രചിക്കപ്പെട്ടത്. മതമർദ്ദനത്തിൽ മനം തളരുന്ന വിശ്വാസികൾക്കു ശക്തി പകരണം. കർത്താവു മടങ്ങിവന്ന് തിന്മയ്ക്കറുതിവരുത്തി തന്റെ ഭരണം സ്ഥാപിക്കുമെന്ന് ഉറപ്പു നല്കണം. രാജാവിനെ കർത്താവും ദൈവവുമായി ഏറ്റുപറയുന്നവർ ക്രിസ്തുവിലുള്ള വിശ്വാസത്തെ തള്ളിപ്പറയുകയാണെന്നും അവർക്കു ക്രിസ്തുവിന്റെ രാജ്യത്തിൽ പങ്കുണ്ടാവുകയില്ല എന്നും ബോധ്യം നല്കണം. ഇങ്ങനെയുള്ള ലക്ഷ്യങ്ങളാണ് വെളിപ്പാടു പുസ്തകത്തിന്റെ രചനയ്ക്കു പ്രേരകമായി നിന്നത്.

സർവ്വശക്തനായ ദൈവം ചരിത്രത്തിൽ ഇടപെട്ട്, മർദ്ദകനെ നശിപ്പിച്ച്, മർദ്ദിതജനത്തിനു രക്ഷനല്കുന്ന നിമിഷം ആസന്നമായിരിക്കുന്നു എന്ന വിശ്വാസവും പ്രതീക്ഷയും ഉച്ചത്തിൽ ഉദ്ഘോഷിക്കുന്ന ഗ്രന്ഥങ്ങളാണ് അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങൾ, മർദ്ദകശക്തിയുടെ അന്ത്യം വിളിച്ചറിയിക്കുന്ന ഈ ഗ്രന്ഥങ്ങൾ ജനത്തെ വിപ്ലവത്തിനു പ്രേരിപ്പിക്കുന്നവയായിരുന്നു. ഇവ ഭരണാധികാരികളുടെ കൈകളിൽ ചെന്നുപെടുന്നത് തികച്ചും അപകടകരമായിരുന്നു. അതിനാൽ അവർക്കു മനസ്സിലാവാത്തതും എന്നാൽ തങ്ങളുടെ ജനത്തിനു സുഗ്രാഹ്യവുമായ ഒരു ശൈലി അവലംബിക്കേണ്ടിവന്നു. ദൈവം ഇസ്രായേലിനെ ശത്രുക്കളിൽ നിന്നു മോചിപ്പിച്ച് വീണ്ടും ഒരു ജനതയാക്കും എന്നു പഠിപ്പിക്കുന്ന പഴയനിയമ പ്രവാചകഗ്രന്ഥങ്ങളിൽ ഈ ശൈലിയുടെ അവ്യക്തമായ തുടക്കം കാണാനാവും. ആമോ 5:18–20; യിരെ. 4:23–26; എസെ 37:1–14 തുടങ്ങിയവ ഉദാഹരണങ്ങളാണ്.

ദാനിയേലിന്റെ പുസ്തകത്തിലാണ് ഈ സാഹിത്യരൂപം അതിന്റെ തനിമയിൽ പ്രത്യക്ഷപ്പെടുന്നത്. പുതിയ നിയമത്തിലെ പല ഗ്രന്ഥങ്ങളിലും ഈ ശൈലിയുടെ സ്വാധീനം കാണാം. മർക്കോ 13; 1 കൊരി 15; 2 പത്രോ 3:8–13 തുടങ്ങിയവ ഉദാഹരണങ്ങളാണ്.

അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിൾ അവതരിപ്പിക്കപ്പെടുന്ന ആശയങ്ങൾ ഏറെ വൈവിധ്യമാർന്നവയാണെങ്കിലും അവയ്ക്കു പൊതുവായ ചില പ്രത്യേകതകൾ കാണാനാവും.

**1. ദ്വിയുഗവീക്ഷണം:** രണ്ടു യുഗങ്ങളെക്കുറിച്ചുള്ള വീക്ഷണമാണ് അപ്പോകലിപ്റ്റിക് സാഹിത്യരൂപത്തിന്റെ ഒരു പ്രത്യേകത. പ്രതീക്ഷയ്ക്കു വകയില്ലാത്തവിധം ദുഷിച്ചു വഷളായതാണ് ഈ യുഗം. ഇത് തിന്മയുടെ ശക്തിയായ സാത്താന് അധീനമായിരിക്കുന്നു. സാമ്രാജ്യശക്തികളെല്ലാം സാത്താന്റെ പിണിയാളുകളും ദൈവത്തിന്റെ ശത്രുക്കളുമാണ്. അവർ ദൈവജനത്തെ പീഡിപ്പിക്കുന്നു. തിന്മയ്ക്കധീനമായ ഈ യുഗത്തെ പൂർണ്ണമായി നശിപ്പിച്ചശേഷം ദൈവം പുതിയൊരു യുഗം ആരംഭിക്കും. വരാനിരിക്കുന്ന ആ പുതുയുഗത്തിൽ തിന്മയുണ്ടായിരിക്കുകയില്ല.

**2. യുഗാന്ത്യം:** ലോകചരിത്രത്തിന്റെ തുടർച്ചയല്ല പുതുയുഗം. അതൊരു പുതിയ സൃഷ്ടിയായിരിക്കും. പുതുയുഗപ്പിറവിക്കു മുമ്പേ ഭൂമിയിൽ വലിയ പീഡനങ്ങളുണ്ടാകും. യുദ്ധവും പട്ടിണിയും പകർച്ചവ്യാധികളും മനുഷ്യരെ വലയ്ക്കും. മനുഷ്യരുടെ ഇടയിൽ ശത്രുത പെരുകും, സാഹോദര്യം ഇല്ലാതാകും. ഋതുക്കളുടെ ക്രമം തെറ്റും, ഭൂമിക്കു സമനില നഷ്ടപ്പെടും, സൂര്യൻ ഇരുണ്ടുപോകും, നക്ഷത്രങ്ങൾ നിപതിക്കും, ആകാശശക്തികൾ ഇളകും. ഭൂമി എരിയുന്ന അഗ്നിത്തടാകമാകും. ഈ യുഗത്തിന്റെ അവസാനവും പുതുയുഗ സൃഷ്ടിയും ദൈവത്തിന്റെ മാത്രം പ്രവൃത്തിയാണ്. അതിൽ മനുഷ്യന് ഒരു പങ്കും ഇല്ല.

**3. അന്ത്യം ആസന്നം:** ഈ ലോകത്തിന്റെ അവസാനം ആസന്നമായിരിക്കുന്നു എന്ന വിശ്വാസം ഈ ഗ്രന്ഥങ്ങളിലെല്ലാം കാണാം.

**4. പുനരുത്ഥാനം–വിധി:** ഈ യുഗത്തിന്റെ അവസാനം കുറിക്കുന്ന ദിവസത്തെ കർത്താവിന്റെ ദിവസം എന്നാണു വിളിക്കുക. വിശ്വാസത്തിന്റെ പേരിൽ പീഡനമേറ്റു മരിക്കുന്നവർ ശരീരത്തോടെ ഉയിർത്തെഴുന്നേല്ക്കും. അവർ ദൈവത്തോടൊന്നിച്ച് രാജാക്കന്മാരെപ്പോലെ വാഴും. പാപികളാകട്ടെ നിത്യനാശത്തിന് വിധിക്കപ്പെടും. ഇസ്രായേലിനു പുതുജീവനും ദൈവജനത്തിന് രക്ഷയും പാപികൾക്ക് ശിക്ഷയും നല്കുന്ന ദിവസമായിട്ടാണ് ഇതിനെ അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങൾ കണ്ടത്.

**5. മിശിഹായുടെ ഭരണം:** ഈ യുഗത്തിനും വരാനിരിക്കുന്ന യുഗത്തിനും മധ്യേ നിശ്ചിതമായ ഒരു കാലയളവിലേക്ക് ഈ ഭൂമിയിൽ മിശിഹാ ഭരണം നടത്തും എന്ന പ്രതീക്ഷ പല അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിലും കാണാം. ശത്രുക്കളെ നശിപ്പിച്ച് ഇസ്രായേലിനു സാമ്രാജ്യം നല്കുന്നതാണ് ഈ ഭരണം. സകലവിധ സന്തോഷവും പ്രദാനം ചെയ്യുന്ന ഈ ഭരണത്തിന്റെ ദൈർഘ്യത്തെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്. മിശിഹായുടെ ഭരണത്തിന്റെ അന്ത്യത്തിലായിരിക്കും ലോകാവസാനവും അന്തിമവിധിയും സംഭവിക്കുക.


**6. പ്രതീകങ്ങൾ: പ്രതീകങ്ങളിലൂടെ ആശയങ്ങൾ അവതരിപ്പിക്കുക** ഈ സാഹിത്യരൂപത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. സംഖ്യകൾ, നിറങ്ങൾ, ലോഹങ്ങൾ, മൃഗങ്ങൾ, ശരീരാവയവങ്ങൾ തുടങ്ങിയവ ഓരോ പ്രത്യേക അർത്ഥത്തിലാണ് ഉപയോഗിക്കപ്പെടുക.

**7. ദർശനങ്ങൾ** – ഞാൻ കണ്ടു, ഞാൻ കേട്ടു' എന്നീ പ്രയോഗങ്ങളാണ് മറ്റൊരു പ്രത്യേകത. സാധാരണ മനുഷ്യദൃഷ്ടിക്കു കാണാനോ കേൾക്കാനോ കഴിയാത്ത കാര്യങ്ങളാണ് ഇവിടെ കാണുകയും കേൾക്കുകയും ചെയ്യുന്നത്. ചിലപ്പോൾ സ്വപ്നരൂപത്തിലും, അതിലേറെ ജാഗ്രതാവസ്ഥയിലും ഉണ്ടാകുന്ന ദർശനങ്ങളായി ഇവ അവതരിപ്പിക്കപ്പെടുന്നു. ദൈവവും സ്വർഗ്ഗവും എല്ലാം ദർശനവിഷയങ്ങളാകുന്നു. ദൈവത്തിൽ നിന്നു നേരിട്ടു ലഭിച്ച സന്ദേശമാണ് താൻ അവതരിപ്പിക്കുന്നത് എന്നു വ്യക്തമാക്കാൻ വേണ്ടിയാണ് ഗ്രന്ഥകാരൻ ഈ മാധ്യമങ്ങൾ ഉപയോഗിക്കുന്നത്.

**8. ദൂതന്മാരും പിശാചുക്കളും:** ദൈവം തന്റെ സന്ദേശം മനുഷ്യരെ അറിയിക്കാനും തന്റെ പദ്ധതി നടപ്പിലാക്കാനും വേണ്ടി നിയോഗിക്കുന്നവരാണ് ദൂതന്മാർ. പഴയനിയമത്തിൽ ചുരുക്കമായേ ദൂതന്മാരെക്കുറിച്ച് പ്രതിപാദിക്കുന്നുള്ളൂ. ദൈവദൂതന്മാരാണ് ഗ്രന്ഥകാരന്മാർക്ക് സ്വർഗ്ഗീയ ദർശനം വ്യാഖ്യാനിച്ചു കൊടുക്കുന്നത്. തിന്മയുടെ ശക്തിയായ സാത്താന്റെ ദൂതന്മാരാണ് പിശാചുക്കൾ. പാപംവഴി അധഃപതിച്ച ദൂതന്മാരാണവർ. മിശിഹായുടെ ഭരണം ആരംഭിക്കുമ്പോൾ അവർ തടവിലാക്കപ്പെടും; യുഗാന്ത്യത്തിൽ നശിപ്പിക്കപ്പെടുകയും ചെയ്യും. (തുടരും)



# വെളിപ്പാടിന്റെ ചരിത്രം



(തുടർച്ച)

**2:20**, സഭയ്ക്കെതിരായുള്ള നാഥന്റെ കുറ്റാരോപണമാണ് അടുത്തതായി അവതരിപ്പിക്കുന്നത്. ഇസ്രായേൽ ജനത്തെ വിഗ്രഹരാധനയ്ക്കു പ്രേരിപ്പിച്ച കുപ്രസിദ്ധയായ രാജ്ഞിയാണ് ആഹാബിന്റെ ഭാര്യയായ ഇസബെൽ (1 രാജാ 16:31–32; 18:1–19:3). അവളുടെ പാപങ്ങളിൽ രണ്ടു കാര്യങ്ങളാണ് എടുത്തുകാട്ടുന്നത്. വ്യഭിചാരം എന്നത് വാച്യാർത്ഥത്തിലും പ്രതീകാർത്ഥത്തിലും മനസ്സിലാക്കാം. വിഗ്രഹങ്ങൾക്ക് അർപ്പിച്ചവ ഭക്ഷിക്കുക എന്നത് വാച്യാർത്ഥത്തിൽത്തന്നെ എടുക്കണം. ഈ രണ്ടു കാര്യങ്ങളാണ് ജറുസലെം സൂനഹദോസ് വിജാതീയ ക്രൈസ്തവരെ സംബന്ധിച്ച് ഊന്നിപ്പറഞ്ഞത് (അപ്പ. 15:29). ഇവ രണ്ടും തമ്മിലുള്ള ബന്ധം മേൽവിവരിച്ച വിരുന്നാഘോഷങ്ങളുടെ പശ്ചാത്തലത്തിൽ എളുപ്പം ഗ്രഹിക്കാനാവും. 'ക്രിസ്ത്യാനിയായതിന്റെ പേരിൽ ജനജീവിതത്തിന്റെ മുഖ്യധാരയിൽ നിന്നു മാറിനില്ക്കേണ്ടതില്ല. സമ്മേളനങ്ങളിലും വിരുന്നുകളിലും പങ്കെടുക്കുക, എന്നതാണ് ഇസബേലിന്റെ നയം.

സാമ്പത്തിക സുരക്ഷിതത്വത്തിനും സമൂഹത്തിലെ മാന്യതയ്ക്കും വേണ്ടി ക്രിസ്തീയ ധാർമ്മികതയിൽ അയവുവരുത്തുകയും പേഗൻ ആചാരങ്ങളോട് ഒത്തുതീർപ്പിലെത്തുകയും ചെയ്യാൻ ശ്രമിക്കുന്ന ഇസബേലിന്റെ ചിന്തകൾ നിക്കോലേവ്യരുടെയും ബാലാക്കിന്റെയും ഉപദേശത്തോട് സാമ്യമുള്ളതാണ്. (വെളി 2:14–15)

**2:21**, അനിഷേധ്യമാംവിധം തെറ്റുതെളിയിച്ചതിനുശേഷം ശിക്ഷാവിധി പ്രസ്താവിക്കാനുള്ള ഒരുക്കമാണ് ഈ വാക്യം. തനിക്കു ലഭിച്ച മുന്നറിയിപ്പുകൾ കൂട്ടാക്കാതെ, മാനസാന്തരപ്പെടാൻ വിസമ്മതിച്ച്, തെറ്റിൽ തുടരുന്നവന് മാപ്പു ലഭിക്കുകയില്ല. ആസന്നമായിരിക്കുന്ന ശിക്ഷാവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പു മാത്രമാണ് അടുത്തതായി ലഭിക്കുക.

**2:22**, ഇനി ഒരിക്കലും എഴുന്നേല്ക്കാനാവാത്തവിധം ശയ്യയിലേക്ക് ഇസബെലിനെ വലിച്ചെറിയും. രോഗശയ്യ എന്നായിരിക്കാം വിവക്ഷ. എന്നാൽ 'ശയ്യയിലേക്ക്' എന്നു മാത്രമേ ഗ്രീക്കിലുള്ളൂ. അതു പാതാളശയ്യയും (ഏശ. 14:11) ആവാം. അവളുടെ പാപവഴികൾ സ്വീകരിക്കുന്നവർക്കും ഇതേ കഠിനമായ ശിക്ഷയാണ് ലഭിക്കാൻ പോകുന്നത്. അവളുടെ മക്കൾ എന്ന് 23–ാ ം വാക്യത്തിൽ വിശേഷിപ്പിച്ചിരിക്കുന്നതും ഇവരെയാണ്. ഈ താക്കീതുകൾ മാനസാന്തരത്തിനുള്ള അവസാനത്തെ ആഹ്വാനമായി പരിഗണിക്കണം. മനസ്സുതിരിയുക എന്ന പദം മൂന്നുതവണ ഈ ലേഖനത്തിൽ ആവർത്തിച്ചിരിക്കുന്നു. കർത്താവിന്റെ കരുണ അനന്തമാണെന്നു കരുതി അനുതപിക്കാതെ തിന്മയിൽ തുടരുന്നത് മോചനമില്ലാത്ത പാപമാണ്. ഇതാ ഞാൻ വലിച്ചെറിയുന്നു എന്നതു വർത്തമാനകാലമാണെങ്കിലും, പ്രവാചകശൈലിയിൽ ആസന്നമായിരിക്കുന്ന ശിക്ഷാവിധിയെയാണിതു സൂചിപ്പിക്കുക.

**2:23**, മുഖ്യമായും ഈ വാക്യത്തെ മുന്നിൽ കണ്ടുകൊണ്ടാണ് അഗ്നിനാളംപോലെ മിഴികളുള്ളവൻ എന്ന് ക്രിസ്തു സ്വയം വിശേഷിപ്പിച്ചത്. യിരെ. 17:10–ന്റെ സ്വതന്ത്രമായ ഉദ്ധരണിയാണിത്. ഹൃദയവും പരിശോധിക്കുന്നവൻ എന്നാണ് ഗ്രീക്കു മൂലത്തിന്റെ വാച്യാർത്ഥം. ചിന്തയുടെ ഇരിപ്പിടമാണ് ഹൃദയം. മനുഷ്യന്റെ ഏറ്റം നിഗൂഢമായ വിചാരങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും ക്രിസ്തു വ്യക്തമായി അറിയുന്നു. ഓരോരുത്തർക്കും അവൻ പ്രതിഫലം നല്കുന്നത് പ്രവൃത്തിയുടെ അടിസ്ഥാനത്തിലായിരിക്കും (മത്താ 16:27). നല്ല വിചാരങ്ങളും ആഗ്രഹങ്ങളും മാത്രം പോരാ, നല്ല പ്രവൃത്തികളും ആവശ്യമാണ്. മനുഷ്യന്റെ പ്രവൃത്തികളെയും അവയ്ക്കു പിന്നിലുള്ള വികാരങ്ങളെയും ലക്ഷ്യങ്ങളെയും കണക്കിലെടുത്തുകൊണ്ടായിരിക്കും മനുഷ്യപുത്രൻ വിധി പ്രസ്താവിക്കുക.

**2:24**, സാത്താന്റെ ആഴങ്ങൾ എന്നത് ഇന്നും തർക്കവിഷയമാണ്. രണ്ടു വിശദീകരണ സാധ്യതകളുണ്ട്. 1. 'ആഴങ്ങൾ' എന്നാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'ബഥേയാ' (depths) എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം. സാധാരണയായി രഹസ്യങ്ങൾ എന്നു വിവർത്തനം ചെയ്യാറുള്ള മിസ്തേരിയ (mysteria) എന്നതിൽ നിന്നും വ്യത്യസ്തമാണിത്. ശാരീരികമായ സകല വഷളത്തരങ്ങളിലും ആവോളം ആഴത്തിൽ മുഴുകുക. അങ്ങനെ തിന്മയുടെ സകല ആഴങ്ങളും അനുഭവിച്ചറിയുക. എന്നാൽ ആത്മാവിനെ ഇവയിൽ നിന്നെല്ലാം അകറ്റി ഉയർത്തി നിർത്തുക. ഇപ്രകാരം സാത്താന്റെ ആഴങ്ങൾ അറിഞ്ഞാലേ അവനെ പരാജയപ്പെടുത്താൻ കഴിയൂ. തിന്മയുടെ കോട്ടയ്ക്കുള്ളിൽ പ്രവേശിച്ച് തിന്മയുടെ ശക്തിയായ സാത്താന്റെമേൽ വിജയം വരിക്കാനുള്ള മാർഗ്ഗമാണിത്. ഇത് തികച്ചും പൈശാചികമായ ഒരു ചിന്താഗതിയും കടുത്ത ദുരുപദേശവുമാണെന്നു പറയേണ്ടിവരും. 2. രക്ഷ പ്രാപിക്കാൻ ആവശ്യമായ നിഗൂഢജ്ഞാനമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്ന 'ദൈവത്തിന്റെ ആഴങ്ങൾ എന്ന് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കൾ അവകാശപ്പെടുന്നെങ്കിലും യഥാർത്ഥത്തിൽ ഇതു സാത്താന്റെ രഹസ്യങ്ങൾ തന്നെയാണ്. യഹൂദ സിനഗോഗിനെ 'സാത്താന്റെ സിനഗോഗ്' എന്നു വിശേഷിപ്പിച്ച അതേ പരിഹാസമാണ് ഇവിടെയും മുഴങ്ങുന്നത്. ഈ രണ്ടു വ്യാഖ്യാനങ്ങളും ജ്ഞാനവാദം (Gnosticism) എന്നറിയപ്പെടുന്ന പാഷണ്ഡതയുടെ ആദ്യരൂപങ്ങളാണ്. ഇവയിൽ ആദ്യത്തേതാണ് കൂടുതൽ സ്വീകാര്യമെന്ന് വ്യാഖ്യാതാക്കളിൽ ഭൂരിഭാഗവും കരുതുന്നു. ഏതു വ്യാഖ്യാനം സ്വീകരിച്ചാലും, ഭീകരമായ ശിക്ഷ വിളിച്ചുവരുത്തുന്ന പാപമായിട്ടാണ് ഈ സിദ്ധാന്തത്തെ വി.ഗ്രന്ഥകാരൻ കാണുന്നത്.

**2:25**, കർത്താവിന്റെ ആഗമനം വൈകുകയില്ലെന്നും അതുവരെ ധീരമായി ഉറച്ചുനില്ക്കണമെന്നും ഉള്ള ആഹ്വാനമാണ് തന്റെ വിശ്വസ്തർക്ക് ഇവിടെ നല്കുന്നത്.

**2:26**, തനിക്കു പിതാവിൽ നിന്നു ലഭിച്ച അധികാരമാണ് ദൈവപുത്രൻ തന്റെ വിശ്വസ്തദാസന്മാർക്ക് വാഗ്ദാനം ചെയ്യുന്നത്. മിശിഹായുടെ ഭരണത്തെക്കുറിച്ചുള്ള സങ്കീർത്തനഭാഗം (സങ്കീ. 2:8–9) ഇവിടെ സ്വതന്ത്രമായി ഉദ്ധരിച്ചിരിക്കുന്നു.

**2:27**, ഇടയന്റെ ദൗത്യമാണ് ഈ ഭരണം. ഭരിക്കുക എന്നല്ല, മേയിക്കുക എന്നാണു പറയുന്നത്. ഇടയന്മാർക്കു സാധാരണ രണ്ടു വടികളുണ്ടായിരുന്നു – അറ്റം വളഞ്ഞ ചെറിയ വടി ആടുകളെ നയിക്കാനും, രണ്ടറ്റത്തും ഇരുമ്പുകെട്ടിയ വലിയ വടി വന്യമൃഗങ്ങളെ അടിച്ച് ഓടിക്കാനും. രണ്ടാമത്തെ വടിയാണ് ഇവിടെ ഇരുമ്പുദണ്ഡ് എന്നു വിളിക്കുന്നത്. തിന്മയെ ഉന്മൂലനം ചെയ്ത്, ദൈവരാജ്യം അതിന്റെ പൂർണ്ണതയിൽ സ്ഥാപിതമാകുമ്പോൾ ക്രിസ്തുവിന്റെ വിശ്വസ്തർ അവനോടൊത്തു വാഴും വി. പൗലോസ് ഈ പ്രത്യാശ പ്രകടമാക്കുന്നുണ്ട് (2 തിമോ 2:12). (തുടരും)



# ജ്ഞാനപ്രകാശം



**പാ**പം ആദിമാതാപിതാക്കളുടെ ആന്തരികനയനങ്ങളിൽ ഇരുൾ നിറച്ചു. യഥാർത്ഥ ദൈവികജ്ഞാനം അവർക്കു നഷ്ടമായി. സാത്താൻ ദൈവത്തെക്കുറിച്ച് നല്കിയ തെറ്റായ അറിവ് അവർ സ്വീകരിച്ചു. അവനവനെയും തന്റെ സമസൃഷ്ടിയെയും തെറ്റായ കാഴ്ചപ്പാടിലൂടെ കാണാൻ മനുഷ്യന് ഇടയായി. മാനവകുലം മുഴുവൻ ഈ അജ്ഞതയുടെ അന്ധകാരത്തിൽ അകപ്പെട്ടു. ഈ ഇരുളിൽ നിന്ന് മാനവരാശിയെ വിമോചിപ്പിക്കുന്ന ദിവ്യസൂര്യനാണ് യേശുക്രിസ്തു. ഈ അജ്ഞതയിൽ നിന്ന് സത്യജ്ഞാനത്തിലേക്ക് മനുഷ്യനെ നയിക്കുന്നവനാണ് ദൈവപുത്രനായ ക്രിസ്തു. അവിടുന്നാണ് ലോകത്തിന്റെ പ്രകാശം, അവിടുന്നാണ് സത്യത്തിന്റെ സ്വാതന്ത്ര്യം നല്കുന്ന ദൈവം. ലോകത്തെ തന്റെ വെളിച്ചത്താൽ സത്യത്തിന്റെ പൂർണത പഠിപ്പിച്ച ഗുരുവാണ് ക്രിസ്തു.

എങ്ങനെയാണ് ക്രിസ്തു നമ്മെ ഇരുളിൽ നിന്ന് ജ്ഞാനപ്രകാശത്തിലേയ്ക്ക് നയിച്ചത്? അത് ദൈവിക വെളിപ്പാട് (Revelation) നമുക്ക് നല്കിക്കൊണ്ടാണ്. ദൈവാവിഷ്കരണം, ദൈവിക വെളിപ്പാട് എന്നൊക്കെ നാം മനസ്സിലാക്കുന്ന ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണിത്. പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാനനാളുകളിൽ അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു (എബ്രാ.1:1-2). "അവിടുത്തെ മഹത്വത്തിന്റെ തേജസും സത്തയുടെ മുദ്രയും" (എബ്രാ. 1:3) എന്നത് ആ വെളിപ്പാടിനെ നിർണായകമാക്കുന്നു.

ഈ ക്രിസ്തുവാണ് ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു, എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല, അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹന്നാൻ 8/12) എന്ന് നമുക്ക് ഉറപ്പുനല്കിയിരിക്കുന്നത്. ഇവിടെ ദൈവം ദൈവത്തെത്തന്നെ ക്രിസ്തുവിൽ സ്വയം വെളിപ്പെടുത്തി. ക്രിസ്തു ദൈവിക വെളിപ്പാടിന്റെ അന്തസത്തയും, വെളിപ്പാടിന്റെ മധ്യസ്ഥനും വെളിപ്പാടിന്റെ കർത്താവുമായി നിലകൊള്ളുന്നു. (Christ is the subject and object of revelation, he is also the mediator of revelation) എന്താണ് ക്രിസ്തു നമുക്ക് വെളിപ്പെടുത്തിത്തന്ന ജ്ഞാനപ്രകാശം? നാലു കാര്യങ്ങളാണ് പ്രധാനമായും ഈ വെളിപ്പെടുത്തലിൽ ഉള്ളത്.

ഒന്നാമതായി നമുക്ക് ക്രിസ്തുവിലൂടെ യഥാർത്ഥവും പരിപൂർണവുമായ ദൈവദർശനം ലഭിച്ചു. ദൈവം ആരെന്ന് പൂർണതയിൽ വെളിപ്പെട്ടുകിട്ടി. ദൈവത്തെക്കുറിച്ചുള്ള തെറ്റായതും അപൂർണമായതുമായ അറിവായിരുന്നു അതുവരെ മാനവരാശിക്ക് ഉണ്ടായിരുന്നത്. സാത്താൻ അവതരിപ്പിച്ച തെറ്റായ ദൈവസങ്കല്പം മനുഷ്യന്റെ ഉള്ളിൽ ഭീതിപടർത്തിനിന്നിരുന്നു. തത്വജ്ഞാനികളെന്ന് അവകാശപ്പെട്ട പലരും പങ്കുവച്ച ദൈവസങ്കല്പങ്ങൾ മനുഷ്യബുദ്ധിയുടെ കണ്ടുപിടുത്തങ്ങളെന്ന നിലയിൽ ദൈവദർശനം ഉൾക്കൊള്ളുന്നതായിരുന്നില്ല. ദൈവം സ്വയം വെളിപ്പെടുത്തിയാൽ മാത്രമേ ദൈവമാരെന്ന് മനുഷ്യന് ഗ്രഹിക്കാൻ സാധിക്കുകയുള്ളൂ. ഇതാണ് ക്രിസ്തുവിലൂടെ നല്കപ്പെട്ടത്; ക്രിസ്തുവിൽ സംഭവിച്ചത്. അങ്ങനെ പൂർണ്ണമായ ദൈവദർശനം മാനവരാശിക്കു ലഭിച്ചു.

രണ്ടാമതായി, ദൈവം ക്രിസ്തുവിൽ നമുക്കു വെളിപ്പെടുത്തിത്തന്നത് മനുഷ്യൻ ആരാണ് എന്ന വസ്തുതയാണ്. അവികലവും പൂർണവുമായ മനുഷ്യദർശനം ക്രിസ്തുവിലൂടെ മാനവരാശിക്ക് ലഭിച്ചു. ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ മനുഷ്യനെ മനുഷ്യനായി കാണാനുള്ള കൃപ ആദിപാപത്താൽ നഷ്ടമാവുകയും സാത്താനാഗ്രഹിച്ചവിധം കാണാൻ ഇടയാവുകയും ചെയ്തു. മനുഷ്യൻ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവനാണെന്ന് വിശുദ്ധ ഗ്രന്ഥം നമുക്കു പറഞ്ഞുതരുന്നു. ഈ ദർശനം ക്രിസ്തുവിലൂടെ അതിന്റെ പൂർണതയിൽ വെളിപ്പെട്ടു കിട്ടി. ദൈവത്തിന്റെ യഥാർത്ഥഛായയും സമ്പൂർണ്ണഛായയും (The real image and the perfect image) ആദ്യജാതനായ ക്രിസ്തുവാണ്. ആ ക്രിസ്തുവിന്റെ ഛായയിലാണ് നാം സൃഷ്ടിക്കപ്പെട്ടത്.

ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്ക് നാം വളരേണ്ടിയിരിക്കുന്നു. നാം ദൈവപുത്രരും ക്രിസ്തുവിനോടൊപ്പം നിത്യത പ്രാപിക്കേണ്ടവരുമാണ് എന്ന സത്യം ക്രിസ്തു വെളിപ്പെടുത്തി. അങ്ങനെ മനുഷ്യന്റെ ആരംഭവും മനുഷ്യന്റെ അന്തവും ദൈവമാണെന്നും, ദൈവൈക്യത്തിനായി സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യനെന്നുമുള്ള സത്യം ക്രിസ്തുവിൽ മാനവരാശിക്കു ലഭിച്ചു. മനുഷ്യൻ ആരാണെന്നു മാത്രമല്ല, മനുഷ്യൻ ആരായിത്തീരുമെന്നും ക്രിസ്തുവിൽ വെളിപ്പെട്ടു കിട്ടി. മാനവരാശിയുടെ ഭാവി ക്രിസ്തുവിൽ വെളിപ്പെട്ടു. ദൈവം നമ്മുടെ പിതാവെങ്കിൽ നാമെല്ലാവരും ദൈവത്തിന്റെ മക്കളാണെന്നു തെളിയുന്നു; ആ സാഹോദര്യബന്ധമാണ് മനുഷ്യർ തമ്മിൽത്തമ്മിൽ പുലർത്തേണ്ടത് എന്നും വെളിവാക്കപ്പെട്ടു. ക്രിസ്തീയത പങ്കുവയ്ക്കുന്ന സാർവ്വജനീന സാഹോദര്യത്തിന്റെ അടിസ്ഥാനമിതാണ്.

ദൈവം മനുഷ്യനായി അവതരിച്ചതാണ് ക്രിസ്തു. ആകയാൽ കുറവുകളില്ലാത്തതും പൂർണവുമായ മനുഷ്യപ്രകൃതി എങ്ങനെയായിരിക്കുമെന്നറിയാൻ ക്രിസ്തുവിലേക്ക് നോക്കിയാൽ മതി. ക്രിസ്തുവാണ് പരിപൂർണ്ണ മനുഷ്യൻ. പൂർണനാകണമെങ്കിൽ ക്രിസ്തുവിനെപ്പോലെയായിത്തീരണം എന്നു സാരം. മനുഷ്യൻ എങ്ങനെ ജീവിക്കണമെന്നും എങ്ങനെ പ്രതികരിക്കണമെന്നുമുള്ളതിന്റെ മാതൃകയാണ് ക്രിസ്തുവിന്റെ ജീവിതം. സമ്പൂർണ്ണ മനുഷ്യൻ ആരാണ് എന്ന ചോദ്യത്തിന് ദൈവം നല്കിയ ഉത്തരമാണ് ക്രിസ്തു. നിത്യസത്യങ്ങളെക്കുറിച്ചും നിത്യജീവനെക്കുറിച്ചുമുള്ള വെളിപ്പെടുത്തൽ മനുഷ്യനെക്കുറിച്ചുള്ള വെളിപ്പെടുത്തലുമായി ബന്ധപ്പെട്ടു നില്ക്കുന്നു. മനുഷ്യന് നിത്യജീവൻ പ്രാപിക്കാനുള്ള മാർഗവും ക്രിസ്തു വെളിപ്പെടുത്തി. ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവൻ മാത്രമല്ല. ക്രിസ്തുവിനാൽ രക്ഷിക്കപ്പെടേണ്ടവനുമാണ് മനുഷ്യൻ എന്ന വസ്തുത വെളിപ്പെട്ടു.

മൂന്നാമതായി, ക്രിസ്തുവിൽ മനുഷ്യനു ലഭിച്ച ജ്ഞാനം ഒരു പ്രപഞ്ചദർശനം ഉൾക്കൊള്ളുന്നതാണ്. ഈ പ്രപഞ്ചം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്നും, ഇത് ക്രിസ്തുവിനാൽ വിശുദ്ധീകരിക്കപ്പെടേണ്ടതാണെന്നുമുള്ള ബോധ്യം ലഭിക്കുന്നു. അതോടൊപ്പം ഈ പ്രപഞ്ചത്തിന്റെ നശ്വരതയും വരാനിരിക്കുന്ന നിത്യതയും വെളിപ്പെട്ടു. പ്രപഞ്ചം സ്വയംഭൂവായ യാഥാർത്ഥ്യമല്ലെന്നും അതിന്റെ സ്രഷ്ടാവും പരിപാലകനും നിയന്താവും ദൈവമാണെന്നും വെളിവായിരിക്കുന്നു. മനുഷ്യൻ ഈ പ്രപഞ്ചത്തെ മൂല്യമുള്ളതായിക്കാണണമെന്നും അതിനെ പരിപാലിക്കാൻ നിയുക്തനാണെന്നും വെളിപ്പെട്ടു.

നാലാമതായി ക്രിസ്തുവിൽ മനുഷ്യനു ലഭിച്ച ജ്ഞാനം ജീവിതദർശനവും ധാർമ്മിക ദർശനവും ഉൾക്കൊള്ളുന്നതാണ്. ജീവിതം ധന്യമാകുന്നത് സ്നേഹത്താൽ നിറയപ്പെട്ട് സ്നേഹത്താൽ നയിക്കപ്പെടുമ്പോഴാണ്. അത് അപരനുവേണ്ടിയുള്ള ശുശ്രൂഷയും സ്വയം ത്യജിക്കലും ഉൾക്കൊള്ളുന്നതാണ്. നാം നമുക്കുവേണ്ടി ജീവിക്കാതിരിക്കുകയും അപരനുവേണ്ടി ജീവിക്കുകയും ചെയ്യുന്നതാണ് ഔന്നത്യപൂർണമായ ജീവിതമെന്ന് ക്രിസ്തു കാണിച്ചുതന്നു. ശൂന്യവത്കരണത്തിലൂടെ അപരനുവേണ്ടി സ്വയം ത്യജിക്കുന്നതാണ് യഥാർത്ഥ സ്നേഹമെന്ന് നാം അറിയാനിടയായി. ഇത് മാനവരാശിക്ക് യഥാർത്ഥ ജീവിതപന്ഥാവും ധാർമിക ദർശനവും നല്കുന്നതാണ്. സ്നേഹത്തിൽ നിന്ന് വ്യതിചലിക്കുന്നതൊക്കെ യഥാർത്ഥ മനുഷ്യത്വത്തിൽ നിന്നുള്ള വ്യതിചലനമാണ്. ദൈവപ്രീതിക്കുള്ള യഥാർത്ഥ വഴിയും സ്നേഹം തന്നെയാണ് എന്നും, ബലികളും കാഴ്ചകളുമല്ല എന്നും തെളിയിക്കപ്പെട്ടു.

ഇങ്ങനെ സമ്പൂർണമായ ദൈവികജ്ഞാനത്താൽ മനുഷ്യൻ പ്രകാശിക്കപ്പെട്ടു. ഇതാണ് ക്രിസ്തുവിൽ നമുക്കു ലഭിച്ച ജ്ഞാനപ്രകാശം. ഇതാണ് നിത്യജീവന്റെ വഴി.



# വിശ്വാസ വഞ്ചന



**ഉ**ല്പ്പത്തി പുസ്തകത്തിൽ കാണുന്ന ഒരു കഥാപാത്രമാണ് യാക്കോബ്. ഇസഹാക്കിന്റെ രണ്ടു പുത്രന്മാരിലൊരുവൻ. ഒരു മനുഷ്യനിലുണ്ടാകാവുന്ന സ്വഭാവ പ്രത്യേകതകളുടെ പര്യായമാണ് യാക്കോബ്ബ്. പൂർവ്വപിതാക്കന്മാരിലൊരാളായി എണ്ണപ്പെടുന്ന അദ്ദേഹത്തിന്റെ പൂർവ്വകാലചരിത്രം അത്ര നല്ലതല്ലായിരുന്നു. നാം ഓരോരുത്തരിലും ഓരോ സാഹചര്യത്തിലുയരുന്ന സ്വഭാവപ്രത്യേകതകൾ യാക്കോബിൽ കണ്ടെത്താൻ കഴിയും. ദൈവം പ്രത്യേകമായി തിരഞ്ഞെടുത്തു മുദ്രകുത്തുന്നവരിലും മോശമായ ഭൂതകാലമുണ്ടാകുമെന്ന് ഈ വ്യക്തിത്വം നമ്മെ പഠിപ്പിക്കുന്നു. ആത്മീയജീവിതത്തിന്റെ വളർച്ചയിൽ തടസ്സമായി നില്ക്കുന്ന ചില അധമപ്രവർത്തികൾ യാക്കോബിൽ നാം കാണുന്നു.

ചില മനുഷ്യർ പുറത്തു നല്ലവരായി കാണപ്പെടും. പക്ഷേ അകത്തു നല്ലവരായിരിക്കില്ല. അഭിനയത്തിന്റെ ജീവിതമെന്ന് ഇതിനെ വിളിക്കാം. യേശാവിന്റെ മുമ്പിൽ വിനീതനെപ്പോലെ നടിക്കുന്നു. കണ്ണിനു കാഴ്ചയില്ലാത്ത അപ്പന്റെ മുമ്പിൽ യേശാവിനെപ്പോലെ അഭിനയിക്കുന്നു. ഉള്ളിൽ ഒരു സ്വഭാവം മറച്ചുവച്ചുകൊണ്ട് മറ്റൊന്നായി നടിക്കുന്ന ജീവിതം. ചിലർ വിശുദ്ധരെപ്പോലെ നടക്കുന്നതുകാണാം. നടപ്പിലും എടുപ്പിലുമെല്ലാം വിശുദ്ധിയുള്ളതായി തോന്നാം. പക്ഷേ അടുത്തിടപഴകുമ്പോൾ മറ്റൊരു വ്യക്തിത്വത്തെയാണു നാം കാണുന്നത്. ആ മനുഷ്യൻ ഇദ്ദേഹം തന്നെയാണോ എന്നു നാം സംശയിക്കും. കുറച്ചുനാൾ കുറച്ചുപേരെ പറ്റിക്കാം. ദീർഘനാൾ എല്ലാവരെയും കബളിപ്പിക്കുക അസാധ്യമാണ്. നമ്മുടെയൊക്കെയുള്ളിൽ ഇരട്ടമുഖം സൂക്ഷിക്കുന്ന അവസ്ഥയുണ്ടോ?

വഞ്ചിച്ചു ജീവിക്കുന്നവരെ നാം ധാരാളം കാണാറുണ്ട്. വാക്കിലും പ്രവൃത്തിയിലും മറ്റുള്ളവരെ വഞ്ചിക്കുന്നവരുണ്ട്. വിശ്വാസവഞ്ചന നടത്തുന്നവരുമുണ്ട്. എങ്ങനെയെങ്കിലും ആരെയെങ്കിലും വഞ്ചിച്ച് സ്വയം വളരുവാൻ ശ്രമിക്കുന്ന സ്വഭാവം മിക്ക മനുഷ്യരിലുമുണ്ട്. അപ്പനെയും ജ്യേഷ്ഠനെയും ലാബാനെയും വഞ്ചിക്കുന്ന വ്യക്തിയായിട്ടാണ് യാക്കോബ് പ്രത്യക്ഷപ്പെടുന്നത്. എന്നാൽ എല്ലാ വഞ്ചകരും അവസാനം വഞ്ചിക്കപ്പെടും. ഒരാൾ ചെയ്യുന്ന പ്രവൃത്തിയാൽത്തന്നെ അവൻ വിധിക്കപ്പെടുമെന്ന് ക്രിസ്തു പറയുന്നുണ്ട്. 'കൊടുത്താൽ കൊല്ലത്തും കിട്ടും' എന്നൊരു ചൊല്ല് നമ്മുടെ നാട്ടിലുണ്ടല്ലോ. പലരെയും വഞ്ചിച്ച യാക്കോബ് ലാബാനാൽ വഞ്ചിക്കപ്പെട്ടു. അനുജത്തി റേയ്ച്ചലിനെ വിവാഹം കഴിച്ചു കൊടുക്കാമെന്നു പറഞ്ഞിട്ട് മങ്ങിയ വെളിച്ചത്തിൽ ജ്യേഷ്ഠത്തിയായ ലിയായെ വിവാഹം ചെയ്തു കൊടുത്തു. കാഴ്ചയില്ലാത്ത ഇരുട്ടിൽ അപ്പനെ വഞ്ചിച്ചവൻ മറ്റൊരു ഇരുട്ടിൽ സ്വയം വഞ്ചിതനാകേണ്ടിവന്നു. 'കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കുമെന്ന് യേശു ഉദ്ബോധിപ്പിക്കുന്നു. കാരുണ്യം കാണിക്കാത്ത മനുഷ്യനെ ലോകം വെറുക്കും. അല്പംപോലും കരുണയില്ലാത്തവനായി യാക്കോബിനെ ദൈവം അവതരിപ്പിക്കുന്നു. കല്ലുപോലെ ഉറച്ച ഹൃദയമായിരുന്നു അദ്ദേഹത്തിന്റേത്. ജ്യേഷ്ഠന്റെ കടിഞ്ഞൂൽ പുത്രസ്ഥാനം ഒരു പാത്രം പായസത്തിന്റെ പേരിൽ കവർന്നെടുക്കുന്നു. പരുക്കനായ ഒരു വ്യക്തിത്വമായി യാക്കോബ് നിറഞ്ഞുനില്ക്കുന്നു. സ്വത്തിന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിലും ഇതേ മനോഭാവം തുടരുന്നു. അത്യുന്നതന്റെ കണ്ണുകൾ അവനെ കാണുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം മറന്നുപോകുന്നു.


അർഹതയില്ലാത്തതു കൈകളിൽ വയ്ക്കുന്നതിനെ മോഷണമെന്നാണു വിളിക്കുക. അർഹതയില്ലാത്ത സ്വത്തും കടിഞ്ഞൂൽ പുത്രസ്ഥാനവും യാക്കോബ് കയ്യിൽ വച്ചു. ആ പ്രവൃത്തി അദ്ദേഹത്തിന്റെ ജീവിതത്തെ വേട്ടയാടിക്കൊണ്ടിരുന്നു. അന്യായമായി അപരന്റെ സ്വത്തു കൈവശമാക്കുന്നവനെ ദൈവം പിടികൂടും. ഒരുപാടുനാൾ കരുണയോടെ ദൈവം ക്ഷമിക്കും. ചെറുതായി ചെവിക്കു പിടിച്ചു നോവിക്കും. ഒട്ടും വഴങ്ങുന്നില്ലെങ്കിൽ ശക്തമായി ഇടപെടും. ഓടി ഒളിക്കുന്നതിനും രക്ഷപെടുന്നതിനുമായി തന്റെ കാലുകളെ ഉപയോഗിച്ച അവന്റെ ഇടുപ്പെല്ലുകളിൽ ക്ഷതം വരുത്തിക്കൊണ്ട് ദൈവം യാക്കോബ്ബിനെ തിരിച്ചുനടത്തി. നമ്മുടെയൊക്കെ ജീവിതത്തിൽ അർഹിക്കാത്ത പണമോ, പദവിയോ കൈവശം വയ്ക്കുന്നുണ്ടോ? അങ്ങനെ വന്നാൽ മനസ്സമാധാനമായി ജീവിക്കാൻ കഴിയാത്ത അവസ്ഥ ഉടലെടുക്കും എന്നു നാം അറിഞ്ഞിരിക്കണം.

ഒരുവന്റെ പ്രയാണത്തിനു തടസ്സം നിന്നവനാണ് യാക്കോബ്ബ്. ഏശാവിന്റെ കുതികാലില് പിടിച്ചുവലിച്ചുകൊണ്ടാണ് യാക്കോബ്ബ് ജനിക്കുന്നത്. ആരുടെയെങ്കിലും വളർച്ചയിൽ നാം തടസ്സം നില്ക്കുന്നുണ്ടോ? അപരന്റെ സൽപ്പേര് നശിപ്പിക്കുന്നുണ്ടോ? അപരന്റെ നന്മയിൽ അസ്വസ്ഥതയും തകർച്ചയിൽ ആനന്ദവും തോന്നുന്നുണ്ടോ? മറ്റുള്ളവരെ തളർത്തുവാൻ ശ്രമിക്കുന്നുണ്ടോ? എന്റെ സംസാരവും പ്രവൃത്തിയും ഏതു വിധത്തിലുള്ളതാണ്?

ഇത്രയെല്ലാം തെറ്റുകൾ യാക്കോബ് ചെയ്തുകൂട്ടിയെങ്കിലും അവസാനം അവൻ അനുതപിച്ചു. അനുതാപത്തിന്റെ മനസ്സു കാണിച്ചപ്പോൾ അവന്റെ ഇന്നലെകളെ ദൈവം മറന്നു. ഇസ്രായേൽ എന്ന പേരു നല്കി അവനെ അനുഗ്രഹിച്ചു. ഒരാൾ വന്ന വഴി ഏതാണെന്നുള്ളതല്ല, പിന്നെയോ അവൻ പോകുന്ന വഴികൾ എങ്ങോട്ടെന്നാണ് ദൈവം ഉറ്റുനോക്കുന്നത്. പഴയ പാപവഴികളെ വെടിഞ്ഞ് ദൈവവഴികളിലൂടെ നമുക്കു നടക്കാം.



പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**പഴയനിയമത്തിലേയും പുതിയനിയമത്തിലേയും പൗരോഹിത്യം എങ്ങനെയുള്ളത്? പുതിയനിയമത്തിൽ പഴയനിയമ പൗരോഹിത്യം ആവർത്തിക്കപ്പെടുന്നുണ്ടോ? പൗരോഹിത്യ ശുശ്രൂഷകളെ തിരുവചനാടിസ്ഥനത്തിൽ വിശദീകരിക്കുവാൻ സാധിക്കുമോ?**

-സി.വി.പാപ്പച്ചൻ, കൊടുങ്ങന്നൂർ, മലമുകൾ, തിരുവനന്തപുരം

## പഴയനിയമ പുരോഹിതന്റെ സവിശേഷതകൾ

മഹാപുരോഹിതന്റെ തലമേൽ അഭിഷേകതൈലം പകരണം. മുൻ മഹാപുരോഹിതന്റെ ഉടുപ്പ് ഊരി പുതിയ പുരോഹിതനെ ധരിപ്പിക്കണം. മഹാപുരോഹിതൻ ശുശ്രൂഷ ചെയ്യേണ്ടത് ദേവാലയത്തിനകത്താണ്. ദേവാലയത്തിന്റെ പ്രാകാരം മുതൽ അതിപരിശുദ്ധ സ്ഥലം വരെ ആണ് മഹാപുരോഹിതന്റെ ശുശ്രൂഷ മണ്ഡലം. മഹാപുരോഹിതൻ താമസിക്കേണ്ടത് ദേവാലയത്തിനോട് ചേർന്ന് തന്നെയാണ്. സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ തന്നെയായിരുന്നു മോശയുടെയും അഹരോന്റെയും കൂടാരങ്ങൾ. മറ്റുള്ളവരെല്ലാം കുറെ മാറിയാണ് കൂടാരമടിച്ചിരുന്നത്.



ദേവാലയത്തിൽ നേർച്ചയായി വരുന്ന ഭക്ഷ്യവസ്തുക്കളാണ് മഹാപുരോഹിതന്റെ ഭക്ഷണം. തലമുറതലമുറയോളം നിത്യപൌരോഹിത്യം ഉണ്ടായിരിക്കേണം. മഹാപുരോഹിതന് പ്രത്യേക അഭിഷേകം വസ്ത്രം, താമസസ്ഥലം, ഭക്ഷണം എന്നിവ ഉണ്ടായിരിക്കേണം (പുറപ്പാട് 28:40-41).

അഹരോന്റെ പുത്രന്മാർക്കും മഹത്വത്തിന്നും അലങ്കാരത്തിന്നുമായിട്ടു അങ്കി, നടുക്കെട്ടു, തലപ്പാവു എന്നിവ ഉണ്ടാക്കേണം. അവ അഹരോനെയും അവന്റെ പുത്രന്മാരെയും ധരിപ്പിക്കേണം (പുറപ്പാട് 29:9) അഹരോന്റെയും പുത്രന്മാരുടെയും അരെക്കു നടുക്കെട്ടു കെട്ടി അവർക്കും തലപ്പാവു വെക്കേണം. പൌരോഹിത്യം അവർക്കു (പുറപ്പാട് 40: 12-16) നിത്യാവകാശമായിരിക്കേണം.

'അഹരോനെയും പുത്രന്മാരെയും സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ കൊണ്ടുവന്നു അവരെ വെള്ളംകൊണ്ടു കഴുകേണം. അവന്റെ പുത്രന്മാരെ വരുത്തി അങ്കി ധരിപ്പിച്ചു, പുരോഹിത ശുശ്രൂഷ ചെയ്യേണ്ടതിന്നു അവരുടെ അപ്പനെ അഭിഷേകം ചെയ്തതുപോലെ അവരെയും അഭിഷേകം ചെയ്യേണം; അവരുടെ അഭിഷേകം ഹേതുവായി അവർക്കും തലമുറതലമുറയോളം നിത്യ പൌരോഹിത്യം ഉണ്ടായിരിക്കേണം. മോശെ അങ്ങനെ ചെയ്തു.



ആവർത്തനപുസ്തകം 12:17-19: എന്നാൽ നിന്റെ ധാന്യം, വീഞ്ഞു, എണ്ണ എന്നിവയുടെ ദശാംശം, നിന്റെ ആടുമാടുകളുടെ കടിഞ്ഞൂലുകൾ, നീ നേരുന്ന എല്ലാ നേർച്ചകൾ, നിന്റെ സ്വമേധാദാനങ്ങൾ നിന്റെ കയ്യിലെ ഉദർച്ചാർപ്പണങ്ങൾ എന്നിവയെ നിന്റെ പട്ടണങ്ങളിൽ വെച്ചു തിന്നുകൂടാ. അവയെ നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽവച്ചു നീയും നിന്റെ മകനും മകളും നിന്റെ ദാസനും ദാസിയും നിന്റെ പട്ടണങ്ങളിൽ ഉള്ള ലേവ്യനും തിന്ന് നിന്റെ സകല പ്രയത്നത്തെക്കുറിച്ചും നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ നീ സന്തോഷിക്കണം. നീ ഭൂമിയിൽ ഇരിക്കുന്നേടത്തോളം ലേവ്യനെ ഉപേക്ഷിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക.

## തിരുവചനത്തിലെ അവസാന മഹാപുരോഹിതനായ മനുഷ്യൻ

ലൂക്കൊസ് 1:5-9: 'യെഹൂദ്യരാജാവായ ഹെരോദാവിന്റെ കാലത്തു അബീയാക്കൂറിൽ സെഖര്യാവ് എന്നു പേരുള്ളോരു പുരോഹിതൻ ഉണ്ടായിരുന്നു; അവന്റെ ഭാര്യ അഹരോന്റെ പുത്രിമാരിൽ ഒരുത്തി ആയിരുന്നു; അവൾക്കു എലീശബെത്ത് എന്നു പേർ. ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു. എലീശബെത്ത് മച്ചിയാകകൊണ്ടു അവർക്കു സന്തതി ഇല്ലാഞ്ഞു; ഇരുവരും വയസ്സു ചെന്നവരും ആയിരുന്നു. അവൻ കൂറിന്റെ ക്രമപ്രകാരം ദൈവസന്നിധിയിൽ പുരോഹിതനായി ശുശ്രൂഷ ചെയ്തുവരുമ്പോൾ പൌരോഹിത്യമര്യാദപ്രകാരം കർത്താവിന്റെ മന്ദിരത്തിൽ ചെന്നു ധൂപം കാട്ടുവാൻ അവന്നു നറുക്കു വന്നു.

നാം വിശുദ്ധ വേദപുസ്തകം പരിശോധിക്കുമ്പോൾ പഴയനിയമത്തിൽ അവസാനമായി അഥവാ പുതിയ നിയമത്തിന്റെ തുടക്കത്തിൽ പ്രതിപാദിക്കുന്ന സെഖര്യാവു എന്ന വ്യക്തിയാണ് അവസാനത്തെ മനുഷ്യ മഹാപുരോഹിതൻ. എന്തെന്നാൽ സെഖര്യാവിനു ശേഷം പൗരോഹിത്യം നിലനിർത്തേണ്ടവനായ യോഹന്നാനെക്കുറിച്ചും അവന്റെ പ്രവർത്തന മണ്ഡലത്തെക്കുറിച്ചും തികച്ചും വ്യത്യസ്തമായ നിലയിലാണ് വചനത്തിൽ കാണുവാൻ കഴിയുന്നത്.

ലൂക്കോസ് 1:16-17: അവൻ യിസ്രായേൽ മക്കളിൽ പലരെയും അവരുടെ ദൈവമായ കർത്താവിങ്കലേക്കു തിരിച്ചുവരുത്തും. അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്കും തിരിച്ചു കൊണ്ടു ഒരുക്കമുള്ളോരു ജനത്തെ കർത്താവിന്നുവേണ്ടി ഒരുക്കുവാൻ അവന്നു മുമ്പായി ഏലീയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കും. ആ പ്രവചനത്തിന്റെ നിവർത്തീകരണം ആണ് യോഹന്നാന്റെ ജീവിതത്തിലുടനീളം നാം കാണുന്നത്.

ലൂക്കോസ് 3:3: യോഹന്നാന്നു മരുഭൂമിയിൽവെച്ചു ദൈവത്തിന്റെ അരുളപ്പാടു ഉണ്ടായി. അവൻ യോർദ്ദാന്നരികെയുള്ള നാട്ടിൽ ഒക്കെയും വന്നു പാപമോചനത്തിനായുള്ള മാനസാന്തരസ്നാനം പ്രസംഗിച്ചു. ന്യായപ്രമാണപ്രകാരം പഴയനിയമ പുരോഹിതന്റെ സവിശേഷതകളായ പുരോഹിതന്റെ തലമേൽ അഭിഷേകതൈലം പകരണം, പുരോഹിതൻ ശുശ്രൂക്ഷ ചെയ്യേണ്ടത് ദേവാലയത്തിനകത്താണ്,ദേവാലയത്തിന്റെ പ്രാകാരം മുതൽ അതിപരിശുദ്ധ സ്ഥലം വരെ ആണ് മഹാപുരോഹിതന്റെ ശുശ്രൂഷ മണ്ഡലം,പുരോഹിതൻ താമസിക്കേണ്ടത് ദേവാലയത്തിനോട് ചേർന്ന് തന്നെയാണ്,ദേവാലയത്തിൽ നേർച്ചയായി വരുന്ന ഭക്ഷ്യവസ്തുക്കളാണ് പുരോഹിതന്റെ ഭക്ഷണം, തലമുറതലമുറയോളം നിത്യ പൌരോഹിത്യം ഉണ്ടായിരിക്കേണം,പുരോഹിതന് പ്രത്യേക അഭിഷേകം, വസ്ത്രം, താമസസ്ഥലം, ഭക്ഷണം എന്നിവ ഉണ്ടായിരിക്കേണം എന്നീ ആചാരങ്ങൾ യോഹന്നാൻ പാലിച്ചില്ല.



മത്തായി 3:4: യോഹന്നാന് ഒട്ടക രോമംകൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ഉണ്ടായിരുന്നു; അവന്റെ ആഹാരമോ വെട്ടുക്കിളിയും കാട്ടുതേനും ആയിരുന്നു. 'ഗബ്രിയേൽ പ്രവചിച്ചപോലെ യോഹന്നാൻ, വിഗ്രഹാരാധിയായ ആഹാബ് രാജാവിനെ ശാസിച്ച കർക്കശക്കാരനായ പ്രവാചകനായ ഏലീയാവിനെപോലെ വസ്ത്രം ധരിച്ചു ഏലീയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ മാനസാന്തരം പ്രസംഗിച്ചു.

2 രാജാക്കന്മാർ 1:8: പഴയനിയമ ന്യായപ്രമാണ പൗരോഹിത്യ അനുഷ്ട്ടാനങ്ങളിൽ നിന്നും യോഹന്നാൻ ഒഴിവുള്ളവനായിരുന്നു. എന്തെന്നാൽ സെഖര്യാവിനു ശേഷം ന്യായപ്രമാണപ്രകാരമുള്ള മനുഷ്യ പൗരോഹിത്യം അവസാനിച്ചു. പിന്നീടുള്ളത് മനുഷ്യ പൗരോഹിത്യമോ, മനുഷ്യ മഹാപുരോഹിതനോ അല്ലാ. പുതിയനിയമത്തിൽ മഹാപുരോഹിതൻ യേശുക്രിസ്തുവാണ്.

എബ്രായർ 6:20: 'യേശു മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായി മുമ്പുകൂട്ടി നമുക്കുവേണ്ടി പ്രവേശിച്ചിരിക്കുന്നു.'

നമുക്ക് പുതിയനിയമ പൗരോഹിത്യം തിരുവചനത്തിൽ പരിശോധിക്കാം

**പൗരോഹിത്യം- പുരോഹിതന്റെ ആവശ്യം**: ഇന്ന് ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പുരോഹിതന്മാരും ബലിപീഠങ്ങളും യേശുവിനാൽ സ്ഥാപിതമായതാണോ...? ഇന്ന് അഹരോന്യ പൗരോഹിത്യം ഉണ്ടോ...? ബലികൾ ഉണ്ടോ...? ക്രൈസ്തവ സഭകളിൽ പൗരോഹിത്യം എങ്ങനെ കടന്നുകൂടി...? തിരുവചനം ഇതിനെക്കുറിച്ച് എന്ത് പറയുന്നു...? മനുഷ്യനും ദൈവത്തിനും മദ്ധ്യേ നിന്ന് പ്രവർത്തിക്കുന്ന ആളാണ് പുരോഹിതൻ. ദൈവ ജീവനിൽ നിന്ന് അകന്നു മനം തഴമ്പിച്ച മനുഷ്യൻ പാപിയും കുറ്റക്കാരനും ആകുന്നു. വേദപുസ്തകം വളരെ വ്യക്തമായി അവന്റെ വീണുപോയ പ്രകൃതിയെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. നീതിമാൻ ആരുമില്ല ഒരുത്തൻ പോലുമില്ല എല്ലാവരും വഴിതെറ്റി കൊള്ളരുതാത്തവരായിത്തീർന്നു എന്ന് റോമാ ലേഖനത്തിലും, അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവർ എന്ന് എഫെസ്യ ലേഖനത്തിലും കാണുന്നു. ഇങ്ങനെയുള്ള അവസ്ഥയിൽ ദൈവത്തോട് നിരപ്പു പ്രാപിക്കാതെ മനുഷ്യന് ദൈവസന്നിധിയിൽ കടന്നു ചെല്ലാൻ അവകാശമില്ലായിരുന്നു. ആദം പാപം ചെയ്തപ്പോൾ അവൻ ദൈവ സന്നിധിവിട്ടു ഓടിപ്പോകുന്നതായി കാണുന്നു.

പാപിയായ മനുഷ്യൻ ദൈവ സന്നിധിവിട്ടു ഓടിപ്പോകുവാൻ ആഗ്രഹിക്കുന്നു. മുടിയനായ പുത്രന്റെ കഥയിലും അവൻ അപ്പനെ വിട്ടു ദൂരെപോകുവാൻ ആഗ്രഹിച്ചു. മനുഷ്യനെ ദൈവത്തോട് നിരപ്പിപ്പാൻ ഒരു മധ്യസ്ഥൻ ആവശ്യമായിരുന്നു. മനുഷ്യന്റെ വീണുപോയ അവസ്ഥക്കുള്ള ഒരു തെളിവാണ് 'പൗരോഹിത്യം. 'പഴയ നിയമ ഇസ്രായേലിൽ പുരോഹിതൻ, പ്രവാചകൻ, രാജാവ് എന്നീ മൂന്നു നിലകളിലുള്ള ശുശ്രൂഷകൾ ഉണ്ടായിരുന്നു. പുരോഹിതൻ ബലി അർപ്പിക്കുന്നവനും, പ്രവാചകൻ ദൈവത്തിന്റെ അരുളപ്പാടുകൾ ജനത്തോടു അറിയിക്കുന്നവനും, രാജാവ് ജനത്തെ പാലിക്കുന്നവനും ആയിരുന്നു. ഇവ മൂന്നും വരുവാനിരുന്ന ക്രിസ്തുവിന്റെ നിഴലുകളായിരുന്നുവെന്നു ബൈബിൾ വ്യക്തമാക്കുന്നു. യേശുക്രിസ്തുവിന്റെ വരവിനാൽ നിഴലുകൾ മാറി യേശു നിത്യ രാജാവും, പുരോഹിതനും ആയിരിക്കുകയാണ്. ക്രിസ്തു നമ്മുടെ പുരോഹിതൻ ആയിരിക്കുന്നതുകൊണ്ട് തന്റെ പ്രായശ്ചിത്ത ബലിയാൽ എന്നന്നേക്കുമുള്ള വീണ്ടെടുപ്പ് സാധിച്ചതുകൊണ്ടു ബലികൾ അർപ്പിക്കുന്ന മാനുഷിക പുരോഹിതന്മാർ ഇനി ആവശ്യമില്ല എന്ന് തിരുവചനം വ്യക്തമാക്കുന്നു. പുതിയനിയമ പൗരോഹിത്യം സംബന്ധിച്ച് ദൈവ വചനം എന്ത് പറയുന്നു എന്ന് നോക്കാം.... (തുടരും)

WEBSITE
vedabhimani.com
FACE BOOK
vedabhimani
MAIL
vedabhimani@gmail.com
YouTube
vedabhimani.com

# VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Feb: 2023 at RMS Kayamkulam
Published on Ist Feb: 2023
RNI Registered No. KERMAL/2002/7361



# കഴുതയും കിണറും

പ്രതികൂലങ്ങളും കഷ്ടതകളും നമ്മെ കീഴ്പ്പെടുത്തുവാൻ അനുവദിക്കരുത്. നമുക്കുനേരെ വരുന്ന പ്രതികൂല കാറ്റുകളെ അനുകൂലമാക്കിയെടുക്കുവാനുള്ള ശേഷി നമുക്കുണ്ട്. ചിലപ്പോൾ ദുരന്തങ്ങളും പീഡനങ്ങളും പ്രതിസന്ധികളും ഒത്തുചേർന്ന് നമ്മെ കുഴിച്ചുമൂടുവാൻ വരുന്നതുപോലെ തോന്നിയേക്കാം. എന്നാൽ നമുക്ക് പ്രയോജനകരമാക്കി തരുവാൻ തക്ക ശേഷി ദുരന്തങ്ങൾക്കുള്ളിലും മറഞ്ഞിരിക്കുന്നുണ്ടാവും. ഒരു കഥ നോക്കാം.

ഒരു കൃഷിക്കാരന്റെ മുറ്റത്തുള്ള പൊട്ടകിണറ്റിൽ തന്റെ വയസൻ കഴുത കാലു തെറ്റി വീഴുകയുണ്ടായി, വെള്ളം ഇല്ലാതിരുന്ന ആ കിണറ്റിൽ കിടന്നുകൊണ്ട് കഴുത നിലവിളി തുടങ്ങി. കൃഷിക്കാരനാകട്ടെ അല്പം ആലോചിച്ചശേഷം കഴുതയേയും കിണറിനേയും ഇനിയും പരിരക്ഷിച്ചിട്ട് കാര്യമില്ലെന്നും, കഴുതയുടെ വേദനയിൽ നിന്നും മോചനം നൽകുവാനുള്ള ഏക മാർഗ്ഗം അതിനെ കിണറ്റിൽ തന്നെ മണൽ കൊണ്ട് മൂടുകയാണെന്നും തീരുമാനിച്ചു. കൂട്ടുകാരെയും നാട്ടുകാരെയും ഒരുമിച്ചുകൂട്ടി മണൽ കോരിയിട്ട് കഴുതയെ മൂടുകയും കിണർ നികത്തുകയും ചെയ്യുന്ന ഉദ്യമത്തിൽ ഉത്സുകരായി.

തന്റെ പുറത്തേക്ക് മണൽ ശക്തിയായി വീണപ്പോൾ കഴുത പരിഭ്രമിക്കാതിരുന്നില്ല. എന്നിരുന്നാലും ദേഹത്ത് വീണുകൊണ്ടിരുന്ന മണലിനെ കുടഞ്ഞുകളയുവാനും അതിന്മേൽ ചവിട്ടി നില്പാനും തുടങ്ങി. ഓരോ പ്രാവശ്യം മണൽ ദേഹത്തേക്കു പതിക്കുമ്പോഴും ഇത് കഴുത ആവർത്തിച്ചുകൊണ്ടിരുന്നു. മണലിന്മേൽ ചവിട്ടിയതിനാൽ കിണർ മൂടുന്തോറും കഴുത മുകൾപരപ്പിലേക്ക് എത്തുവാൻ തുടങ്ങി. അവസാനം സൗകര്യപ്രദമായി കരയിലേക്ക് ചാടി രക്ഷപ്പെട്ടു. കുഴിച്ചു മൂടുവാൻ തനിക്കു നേരെ വന്ന മണൽ അതിന് രക്ഷപ്പെടുവാനുള്ള മുഖാന്തരമായി.

നമ്മെ കുഴിച്ചുമൂടുവാൻ എന്നവിധം നമുക്കെതിരായിരുന്ന ആയുധങ്ങൾക്കുള്ളിൽ നമ്മെ രക്ഷിക്കുവാനും വിടുവിക്കുവാനുമുള്ള ശേഷി മറഞ്ഞിരിക്കുന്നു. പ്രതിസന്ധികളെ മാത്രം കാണുകയും മറഞ്ഞിരിക്കുന്ന സാദ്ധ്യതയെ ദർശിക്കാതിരിക്കുകയും ചെയ്യുന്നതിനാലാണ് നാം പരാജിതരാകുന്നത്. ഏതുവേളയിലും ക്രിയാത്മകമായി ചിന്തിക്കുവാനും സത്വരനടപടികൾ എടുക്കുവാനും നമുക്കു മുന്നിൽ സാദ്ധ്യതകളുണ്ടെന്നോർക്കണം.



# നമുക്കും ആഘോഷിക്കാം നന്ദി അർപ്പിക്കാം




എ.ഡി. 1620. പ്രൊട്ടസ്റ്റന്റ് വിശ്വാസികളായ 102 യാത്രക്കാരും മുപ്പതോളം കപ്പൽ ജോലിക്കാരുമായി 'മേയ്ഫ്ളെവർ' എന്ന ചെറു കപ്പൽ ഇംഗ്ലണ്ടിലെ പ്ലൈ മൗത്തിൽനിന്ന് ന്യൂയോർക്കിലെ ഹഡ്സൺ നദി ലക്ഷ്യമാക്കി യാത്രതിരിച്ചു. പുതിയ സ്ഥലങ്ങൾ കണ്ടുപിടിച്ച് കോളനികൾ സ്ഥാപിക്കുക, സ്വതന്ത്രമായി വിശ്വാസം അനുഷ്ഠിക്കുക എന്നിവയായിരുന്നു യാത്രയുടെ ലക്ഷ്യങ്ങൾ. ഹഡ്സൺ നദിയുടെ തീരം ലക്ഷ്യമിട്ട ഈ കപ്പൽ നങ്കൂരമിട്ടത് അറ്റ്ലാന്റിക് സമുദ്രത്തിന്റെ തീരംതന്നെയായ ബോസ്റ്റണിലെ മസാച്ചുസെറ്റ്സിലായിരുന്നു. തദ്ദേശീയരായ റെഡ് ഇന്ത്യക്കാരിൽനിന്നുണ്ടായ ചെറുത്തുനിൽപ്പും അതികഠിനമായ ശൈത്യവുംമൂലം അവർക്ക് ഏറെനാൾ കപ്പലിൽത്തന്നെ കഴിയേണ്ടി വന്നു.




പട്ടിണിയും പകർച്ചവ്യാധിയും അവരെ പിന്തുടർന്നു; പകുതിയിലധികംപേർ ഇഹലോകവാസം വെടിഞ്ഞു. മെല്ലെ മെല്ലെ അവർ വ്യത്യസ്തമായ ആ പരിതസ്ഥിയോട് ഇണങ്ങിച്ചേരാൻ തുടങ്ങി. റെഡ് ഇന്ത്യക്കാർ അവരെ കൃഷി ചെയ്യാനും മീൻ പിടിക്കാനും വേട്ടയാടാനും പഠിപ്പിച്ചു. തൊട്ടടുത്ത വർഷം അവർക്ക് ലഭിച്ചത് വൻ വിളവാണ്. അതിലൂടെ ശൈത്യകാലത്തേക്കു വേണ്ടുന്നവ ശേഖരിച്ചുവെക്കാനും അവർക്കു കഴിഞ്ഞു. എങ്ങും സന്തോഷവും സമാധാനവും മാത്രം. ദൈവം കനിഞ്ഞു നൽകിയ ഈ അനുഗ്രഹത്തിനു നന്ദി പറയാൻ അവർ റെഡ് ഇന്ത്യാക്കാരുമായി ഒന്നിച്ചുകൂടി.

വിഭവസമൃദ്ധമായ സദ്യയും ആ അവസരത്തിൽ അവർ ഒരുക്കി. കൃഷിചെയ്തുകിട്ടിയ വസ്തുക്കളും മീനും കൂടാതെ വേട്ടയാടിക്കൊണ്ടുവന്ന ഇറച്ചിയും വിഭവങ്ങളിൽ ഉൾപ്പെട്ടിരുന്നു. നവംബർ മാസത്തിലെ നാലാമത്തെ വ്യാഴാഴ്ച അമേരിക്കൻ ജനത ഒന്നടങ്കം ആഘോഷിക്കുന്ന 'താങ്ക്സ് ഗിവിംഗ് ആഘോഷത്തിന്റെ തുടക്കമായിരുന്നു അതെന്ന് ചരിത്രം പറയുന്നു. ഈ സ്ഥലം പിന്നീട് പ്ലൈ മൗത്ത് കോളനി എന്ന പേരിൽ അറിയപ്പെട്ടു.

നൂറ്റാണ്ടുകൾക്കുശേഷം പ്രസിഡന്റ് എബ്രഹാം ലിങ്കൺ പ്രസിഡന്റായപ്പോഴാണ് താങ്ക്സ് ഗിവിംഗ് ദിനം ദേശീയ അവധിയാക്കിയത്.

ഡോൺ ഹ്വാൻ ഒനാത്തയുടെ നേതൃത്വത്തിൽ 1598ലും, 'മേയ് ഫ്ളവർ കപ്പലിൽ 1620ലും അമേരിക്കയിൽ എത്തിയ തീർത്ഥാടകരിൽനിന്ന് അധികം വ്യത്യസ്തരല്ലാ പുതിയ മേച്ചിൽപ്പുറങ്ങൾ തേടി ഇന്ത്യയിൽ നിന്നും മറ്റു രാജ്യങ്ങളിലും നിന്നും വിദേശത്തെത്തിയ മലയാളികൾ. വ്യത്യസ്തമായ സംസ്കാരം, ഭാഷ, വസ്ത്രധാരണ രീതി, ഭക്ഷണം, കാലാവസ്ഥ ഇതൊക്കെ മറുനാട്ടിൽ എത്തിയ മലയാളികൾക്കും തരണം ചെയ്യേണ്ടിവന്നു. ദൈവം അവരെ കൈവിട്ടില്ല. കഴിഞ്ഞ നാളുകളിൽ ദൈവം അവർക്കുമേൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ എണ്ണമറ്റതല്ലേ?

വിദേശത്തായിരിക്കുന്നവർക്ക് മാത്രമല്ല, സ്വദേശത്തായിരിക്കുന്ന നമുക്കും എണ്ണിയാൽ തീരാത്ത അനുഗ്രഹങ്ങളാണ് ദൈവം ചൊരിഞ്ഞുകൊണ്ടിരിക്കുന്നത്. എല്ലാറ്റിനും ദൈവത്തെ സ്തുതിക്കാം.



## ഡയലോഗ്
ടൈറ്റസ് കാർത്തികപ്പള്ളി

☺ വിശ്വാസാനുഭവങ്ങൾ പുസ്തകമായി പ്രസിദ്ധീകരിക്കും എന്ന് മഹിളാ നേതാവ് പറഞ്ഞാൽ സഭാ നേതാവിന്റെ പ്രതികരണം എന്തായിരിക്കും?

മോനമ്മ ജോമോൻ, അങ്ങാടിയ്ക്കൽ, കൈപ്പട്ടൂർ, പത്തനംതിട്ട

☹ ***അനുഭവം കേസോ വാർത്തയോ ആക്കരുത്.***

☺ നേരുള്ളവനായി സൃഷ്ടിച്ച മനുഷ്യൻ സൂത്രം അന്വേഷിക്കുന്നുവെന്ന് ദൈവം പറയാൻ കാരണം?

ജിനു ബാബു, പായോട്, മാനന്തവാടി, വയനാട്

☹ ***ദൈവത്തെ സേവിക്കുകയാണെന്ന ഭാവേന സമ്പത്തിനു വേണ്ടി മാമോനെ സേവിക്കും. യൂദയെപ്പോലെ ദൈവത്തെ വിറ്റ് കാശാക്കും.***

☺ ഭാര്യയ്ക്ക് ചങ്കിടിപ്പും പ്രഷറും കൂടുതലാണ്. മരുന്നു കഴിച്ചിട്ട് പ്രയോജനമില്ല. താങ്കൾ പ്രാർത്ഥിച്ചാൽ പ്രയോജനമുണ്ടാകുമോ?

എബി ഫിലിപ്പ്, പള്ളിത്താഴം, തോട്ടുമുക്ക്, കോഴിക്കോട്

☹ ***നിങ്ങൾ മാനസാന്തരപ്പെട്ട് ഭാര്യയ്ക്ക് അല്പം മനസമാധാനവും സന്തോഷവും കൊടുത്താൽ മതി.***

☺ അർജന്റീനയ്ക്ക് 344 കോടിയും കപ്പും കിട്ടിയപ്പോൾ നാട്ടിലെ ആവേശക്കാർക്ക് എന്തുകിട്ടി?

സജു തോമസ്, കൊച്ചാറ, മന്തിപ്പാറ, ഇടുക്കി

☹ ***മെസിയ്ക്ക് കപ്പും ആവേശക്കാർക്ക് കപ്പ പുഴുങ്ങിയതും.***

☺ ദൈവത്തിനായി നൽകാൻ പറ്റിയ സമയമിതാണെന്ന് സഭയിൽ വന്ന പ്രവാചകൻ?

ബെന്നി ഉമ്മൻ, മന്ദിരം, കാരയ്ക്കാട്, ചെങ്ങന്നൂർ

☹ ***സ്ഥലം മേടിച്ച് തറ കെട്ടിയിട്ടിരിക്കുന്നു. എല്ലാവരും സഹകരിച്ച് പണം നൽകിയാൽ സമയത്തിന് പ്രവാചകന് വീടുപണി പൂർത്തിയാക്കാമായിരുന്നു.***

☺ പ്രസംഗകരും പ്രവാചകരും വിശ്വാസ സമൂഹത്തിന്റെ വിളക്കാണെന്ന് ഒരു പ്രമുഖൻ. അപ്പോൾ വിശ്വാസികളോ?

തോമസ് മാത്തൻ, ഇളമ്പൽ, കോട്ടവട്ടം, കൊല്ലം

☹ ***വിളക്ക് കരിന്തിരി കത്താതെ എണ്ണ സ്പോൺസർ ചെയ്യുന്ന വിശ്വസ്ത സ്ഥാപനം.***

☺ നരകയോഗ്യരെ സ്വർഗ്ഗവാസികളാക്കുവാനാണ് ദൈവദാസന്മാർ ഓടിനടന്ന് പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്?

ജോയമ്മ രാജൻ, ആല, പേരിശ്ശേരി, ചെങ്ങന്നൂർ

☹ ***ദാസന്മാർക്ക് കാശു കൊടുത്ത് വിശ്വാസികൾ എത്യോപ്യയിലെയും സൊമാലിയയിലെയും ജനത്തിന്റെ അവസ്ഥയിലായതു മിച്ചം.***




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516. Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally